# അക്കാദമിക് മാസ്റ്റർ പ്ലാൻ

സ്കൂളിൻറെ പേര് : സെൻ്റ് തെരേസാസ് ബഥനി കോൺവൻ്റ് എച്ച്.എസ്.എസ്. ചെങ്ങരൂർ

UDIAS CODE 32120700102

വിദ്യാഭ്യാസ ഉപജില്ല : മല്ലപ്പള്ളി

വിദ്യാഭ്യാസ ജില്ല : തിരുവല്ല

റവന്യൂ ജില്ല : പത്തനംതിട്ട

സ്കൂൾ കോഡ് : 37009

ഫോൺ 04692688236

പിൻ : 689101

# ആമുഖം

സ്ത്രീ വിദ്യാഭ്യാസത്തിലൂടെ മാത്രമേ വീടിന്റെയും നാടിന്റെയും സമഗ്രവികസനം സാക്ഷാൽക്കരിക്കാനാകു എന്ന ദീർഘ വീക്ഷണത്തിലൂടെ തിരുവല്ല രൂപത ദ്വിതീയ മെത്രാൻ ജോസഫ് മാർ സേവേറിയോസ് തിരുമേനിയാൽ 1953-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട സെന്റ് തെരേസാസ് ബഥനി കോൺവന്റ് ഹൈസ്കൂൾ പത്തനംതിട്ട ജില്ലയിൽ കല്ലൂപ്പാറ പഞ്ചായത്തിൽ ചെങ്ങരൂർ ഗ്രാമത്തിന്റെ തിലകകുറിയായി നിലകൊള്ളുന്നു. ബഥനി സിസ്റ്റേഴ്സിന്റെ ആത്മാർത്ഥവും ത്യാഗോജ്ജ്വലവുമായ പ്രവർത്തനത്തിലൂടെ ഈ സ്കൂൾ ജില്ലയിലെ ഏറ്റവും മികച്ച സ്കൂളായി പ്രശോഭിക്കുന്നു. ലക്ഷ്യപ്രാപ്തിക്കായി ഏറെ പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന സിസ്റ്റർ റോസ് എസ്.ഐ.സി ആയിരുന്നു സ്കൂളിന്റെ ആദ്യ ഹെഡ്മിസ്ട്രസ്സ് (1953 ജൂൺ ഒന്നിന് Preparatory, Fourth എന്നീ രണ്ടു ക്ലാസ് ആരംഭിച്ചു.

1998-ൽ ഹയർസെക്കണ്ടറി വിഭാഗം ആരംഭിച്ചു. സിസ്റ്റർ ജിയോവാനി എസ്.ഐ.സി ആദ്യത്തെ പ്രിൻസിപ്പാളായി ചുമതലയേറ്റു. ചിട്ടയോടും അച്ചടക്കത്തോടും കൂടിയ പഠനം 5-ാം സ്റ്റാൻഡേർഡു മുതൽ 12-ാം സ്റ്റാൻഡേർഡു വരെയുള്ള വിദ്യാർത്ഥിനികളെ പാഠ്യപാഠ്യേതര രംഗങ്ങളിൽ മുൻനിരകളിലെത്തിക്കുന്നു. 2012 മുതൽ സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ് ബഥനി സിസ്റ്റേഴ്സ് എജ്യൂക്കേഷനൽ ട്രസ്റ്റ് എന്ന പേരിലാണ് അറിയപ്പെടുന്നത്. ക്രാന്തദർശിയും പുണ്യശ്ലോകനുമായ മാർ ഈവാനിയോസ് പിതാവിന്റെ സ്ത്രീജനോദ്ധാരണ ലക്ഷ്യപ്രാപ്തിക്കായിട്ടും പെൺകുട്ടികളുടെ സ്വഭാവരൂപീകരണത്തിലും വൈജ്ഞാനിക വളർച്ച[4]യിലും പ്രതിഷ്ഠിതരായ സന്യാസിനികൾക്ക് ഏറെ പങ്ക് വഹിക്കാനാകും എന്നതുകൊണ്ടുമാണ് ബഥനി സിസ്റ്റേഴ്സ് വിദ്യാഭ്യാസ പരിപാടികൾക്ക് നേതൃത്വം നല്കി വരുന്നത്.

## ചരിത്രത്താളുകളിലൂടെ സെന്റ് തെരേസാസിന്റെ വിജയഗാഥ...

അറിഞ്ഞ അറിവുകളെ ശീലങ്ങളാക്കി, മനുഷ്യനെ മനുഷ്യനാക്കി മാറ്റുന്നതിൽ വിദ്യാഭ്യാസം വഹിക്കുന്ന പങ്ക് നിസ്സീമമാണ്. ആലപ്പുഴ ജില്ലയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ പരിമിതമായതിനാൽ ചെങ്ങരൂർ പ്രദേശത്ത് ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. ബഥനി സന്യാസ സമൂഹ സ്ഥാപകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ചിരകാല അഭിലാഷമായിരുന്നു. പെൺകുട്ടികൾക്കുവേണ്ടി തന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ സ്ഥാപനം ആരംഭിക്കുകയെന്നത്. കൈമലക്കുന്നിൻ മുകളിലെ ബഥനി സന്ന്യാസിനിമാരുടെ ഈ പെൺപള്ളിക്കൂടം തുടക്കത്തിലേ കുന്നിൻ മുകളിൽ ഒരു തിലകക്കുറിയായി ശോഭിച്ചു. ഒരു സമൂഹത്തിന്റെ കെട്ടുറപ്പിനും സാംസ്കാരിക വളർച്ചയ്ക്കും ആത്മീയതയ്ക്കും സ്ത്രീകൾക്കുള്ള പങ്ക് ആഴത്തിൽ ഗ്രഹിച്ച തിരുവല്ലാ രൂപത മെത്രാപ്പോലിത്താ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് തിരുമേനി, വളരെ കുറച്ച് കുട്ടികളുമായി രണ്ട് ക്ലാസ്സുകളിലായി 1953 ജൂൺ 1-ാം തീയതി ആരംഭിച്ച സെന്റ് തെരേസാസ് വിദ്യാലയം പടവുകൾ താണ്ടി പത്തനംതിട്ട ജില്ലയിലെ ഒരു വെള്ളിനക്ഷത്രമായി ഇന്ന് വിളങ്ങി നിൽക്കുന്നു. കടന്നുപോയ വഴികളിലെല്ലാം പാഠ്യപാഠ്യേതരരംഗത്ത് മികവ് വച്ചു പുലർത്തുന്ന ഒരു വിദ്യാക്ഷേത്രമായി സെന്റ് തെരേസാസ് ശോഭിക്കുന്നു. വളരെയധികം സ്വപ്നങ്ങളും പ്രതീക്ഷകളുമായി ഇവിടെ കടന്നുവന്ന് ആവുന്നത്ര ബൗദ്ധീകവും ആത്മീയവുമായ ഉന്നമനത്തിലൂടെ പടികളിറങ്ങിപ്പോയവർ ചാരിതാർത്ഥ്യത്തോടെ ഈ സ്ഥാപനത്തെ സ്മരിക്കുമ്പോൾ സ്മൃതി മണ്ഡലത്തിൽ തെളിഞ്ഞു വരുന്ന ഒട്ടനവധി കാഴ്ചകൾ

### 1953

വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ നാമത്തിൽ സ്ത്രീജാനാദ്ധാരണം ലക്ഷ്യമാക്കി ബഥനി സിസ്റ്റേഴ്സ് കുന്നിൽ പെൺകുട്ടികൾക്കായി ഒരു വിദ്യാലയത്തിന് തുടക്കമിട്ടു.തിരുവല്ലാ രൂപത മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് തിരുമേനി സ്കൂൾ ഉത്ഘാടനം ചെയ്തു.സ്കൂളിന് "സെന്റ് തെരേസാസ് ബഥനി കോൺവന്റ് ഹൈസ്കൂൾ" എന്ന് നാമകരണം ചെയ്തു.

Travancore-Cochin State Chief Minister Shri. A. J. John (Kerala Governor) സ്കൂൾ സന്ദർശിച്ചു.

സ്കൂളിന്റെ ആദ്യ കോർപ്പറേറ്റ് Most. Rev. Msgr. Mathew Nedungatt ആദ്യ ഹെഡ്മിസ്ട്രസ് Rev. Sr. Rose SIC 1953 June 1 Preparatory, Fourth ക്ലാസുകൾ ആരംഭിച്ചു.

Admission No. 1 Susamma Varghese, D/o Mathal Varghese, Padinjarekuttu, Areekalparampil, Chengaroor. Admission No. 2 Annamma Abraham, Dio A. M. Rachelamma, Payyampallil, Chengaroor (Rev. Sr. Hilaria SIC)

സിസ്റ്റേഴ്സ് ചെങ്ങരൂർ പെരുമ്പാൽ ശ്രീ കൊച്ചുപാപ്പിയുടെ (സി നൈബസ് SIC, സി. മരിയ ഗൊരേത്തി SIC എന്നിവരുടെ പിതാവിന്റെ) ഭവനത്തിൽ താമസിച്ച് സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

### 1953 നവംബർ 1

മഠം പണി പൂർത്തിയാക്കി സിസ്റ്റേഴ്സ് താമസം തുടങ്ങി. Sr. Agnes, Sr. Clara, Sr. Augustine, Sr. Nayomi Francis, സഹോദരിമാരായ Sr. Rose, Sr. Vincent എന്നിവരായിരുന്നു മഠത്തിലെ ആദ്യ അംഗങ്ങൾ.

**1953** നവംബർ **23**

റോമിൽ നിന്നും അത്യുന്നത കർദ്ദിനാൾ Michele De Meo-Cardinal-Engene-Tisserant തിരുമനസ്സിന്റെ ഭാരത സന്ദർശന വേളയിൽ ചെങ്ങന്നൂർ മഠവും സ്കൂളും സന്ദർശിച്ച് ആശീർവാദം നൽകി.

**1954**

വിദൂര സ്ഥലങ്ങളിൽ നിന്നും പെൺകുട്ടികളുടെ താമസിച്ചുള്ള പഠനത്തിനായി Boarding School ആരംഭിച്ചു. കുമാരി ഏലിയാമ്മ ഈപ്പൻ. കെ ആയിരുന്നു ആദ്യ Boarding Student അഭിവന്ദ്യ സേവേറിയോസ് തിരുമേനിയോടൊപ്പം സ്കൂളിനുവേണ്ടി പ്രവർത്തിച്ച ബഹു. ചെറിയാൻ പൗവ്വോത്തിക്കുന്നേലച്ചൻ, ബഥനി തിരുവല്ലാ പ്രൊവിൻസ് വല്യമദർ ഏബ്രാ SIC എന്നിവർ സ്കൂൾ സന്ദർശനം നടത്തിയിരുന്നു.

മാർച്ച് 18 സ്കൂളിനോട് അനുബന്ധിച്ചുള്ള ചാപ്പലിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന സിസ്റ്റർ നയോമി ഫ്രാൻസിസ് ഇടിമിന്നലേറ്റ് മരിച്ചു. ഒപ്പമുണ്ടായിരുന്ന സിസ്റ്റർ ക്ലാര SIC ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു.

**1960**

സ്കൂളിനോടനുബന്ധിച്ച് കൊച്ചു കുട്ടികൾക്കായി നേഴ്സറി സ്കൂൾ ആരംഭിച്ചു.

**1961**

5-ാം ക്ലാസിലും 8-ാം ക്ലാസിലും സമാന്തര ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ആരംഭിച്ചു.

**1964**

ഗണിതശാസ്ത്ര അധ്യാപികയായിരുന്ന സിസ്റ്റർ മേരി ജത്രൂദ് എസ്.ഐ.സി സംസ്ഥാന അധ്യാപക അവർഡിന് അർഹയായി.

**1973**

ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂൾ ആരംഭിച്ചു .സ്കൂൾ ബസ് സർവ്വീസ് ആരംഭിച്ചു.

**1975**

റവ. സി. ഫിലോമിന SIC ഹെഡ്മിസ്ട്രസ് ആയി നിയമിതയായി, കലോത്സവത്തിൽ സബ് ജില്ലാ റവന്യൂ ജില്ലാ തലത്തിൽ ഓവറോൾ വിജയം കരസ്ഥമാക്കി.

**1978**

സ്കൂളിന്റെ രജത ജൂബിലി ആഘോഷിച്ചു.

**1981**

കുമാരി ജ്യോതിലക്ഷ്മി ആർ 536 മാർക്കിൽ എസ്. എസ്. എൽ. സി ഉന്നതവിജയം കരസ്ഥമാക്കി, എസ്. എസ്. എൽ.സി. 87% വിജയം.

**1982**

Rev. Sr. Jane SIC ഹെഡ്മിസ്ട്രസ് ആയി നിയമിതയായി SSLC 92% വിജയം - Preetha P Pillai- 537 Top Scorer. കലോത്സവത്തിൽ സബ് ജില്ലാ റവന്യൂ ജില്ലാ തലത്തിൽ ഓവറോൾ വിജയം കരസ്ഥമാക്കി.

**1983**

സ്കൂൾ ബാന്റ് മേളം ആരംഭിച്ചു. സംസ്ഥാന യുവജനോത്സവത്തിൽ പങ്കെടുത്തു. SSLC 95% വിജയം - Suja Abraham-541 Top Scorer.

**1984**

സംസ്ഥാന യുവജനോത്സവത്തിൽ ബാന്റ് മേളം രണ്ടാം സ്ഥാനം കരസ്ഥമാക്കി, SSLC 98% വിജയം - Bindu Abraham-536 Top Scorer

**1985**

സംസ്ഥാന യുവജനോത്സവത്തിൽ ലക്ഷ്മി എം. 'ഓടക്കുഴൽ' മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂളിന് ഗവൺമെന്റ് അംഗീകാരം ലഭിച്ചു. SSLC 100% വിജയം Seetha Lekshmi. K - 547 Top Scorer.

**1986**

സംസ്ഥാന യുവജനോത്സവത്തിൽ ലക്ഷ്മി എം 'ഓടക്കുഴൽ' മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.

SSLC 96% വിജയം - Lekshmi. M & Girija. R - 550 Top Scorer.

**1987**

SSLC 97% Soji Varghese - 1090 Top Scorer കലോത്സവത്തിൽ സബ് ജില്ലാ റവന്യൂ ജില്ലാ തലത്തിൽ ഓവറോൾ വിജയം കരസ്ഥമാക്കി.

**1988**

SSLC 98% വിജയം - Mariam Jacob- 532 Top Scorer. കലോത്സവത്തിൽ സബ് ജില്ലാ റവന്യൂ ജില്ലാ തലത്തിൽ ഓവറോൾ വിജയം കരസ്ഥമാക്കി.

**1989**

Rev. Sr Maria Goretti SIC ഹെഡ്മിസ്ട്രസായി നിയമിതയായി. SSLC 96% വിജയം Annie Deena Mathew- 546 Top Scorer. U. P വിഭാഗം അധ്യാപികശ്രീമതി ജോസമ്മ വർഗീസ് അന്തരിച്ചു. കലോത്സവത്തിൽ സബ് ജില്ലാ റവന്യു ജില്ലാ തലത്തിൽ ഓവറോൾ വിജയം കരസ്ഥമാക്കി.

**1990**

ഹിന്ദി അദ്ധ്യാപികയായ സിസ്റ്റർ അനീറ്റാ SIC പൗരസ്ത്യ ഭാഷാ സംഘടനയുടെ അവാർഡിന് അർഹയായി.സംസ്ഥാന കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് സെന്റ് തെരേസാസ് സ്കൂൾ കരസ്ഥമാക്കി .SSLC 99% വിജയം.Maya Susan Mathew-561 Top Scorer.

**1991**

SSLC 99% വിജയം Angeo Varghese- 553 Top Scorer. കാലാത്സവത്തിൽ സബ്ജില്ലാ, റവന്യൂ ജില്ലാ തലത്തിൽ ഓവറോൾ വിജയം കരസ്ഥമാക്കി

**1992**

സംസ്ഥാന യുവജനോത്സവത്തിൽ ഇംഗ്ലീഷ് പദ്യം ചൊല്ലൽ ഒന്നാം സ്ഥാനം സ്മിതാ മാത്യൂസ് നേടി.SSLC 99% വിജയം- Blessy Mary Varghese-546 Top Scorer .

**1993**

Rev. Sr. Loura SIC ഹെഡ്മിസ്ട്രസ് ആയി നിയമിതയായി. SSLC 99% വിജയം - Deepa C. V - 550 Top Scorer. കലോത്സവത്തിൽ സബ് ജില്ലാ, റവന്യൂ ജില്ലാ തലത്തിൽ ഓവറോൾ വിജയം കരസ്ഥമാക്കി.

**1994**

SSLC 98% - Jisha Annie George - 565 Top Scorer. കലോത്സവത്തിൽ സബ് ജില്ലാ, റവന്യൂ ജില്ലാ തലത്തിൽ ഓവറോൾ വിജയം കരസ്ഥമാക്കി.

**1995**

SSLC 98% -Jinu M John-549 Top Scorer. കലോത്സവത്തിൽ സബ് ജില്ലാ, റവന്യൂ ജില്ലാ തലത്തിൽ ഓവറോൾ വിജയം കരസ്ഥമാക്കി.

**1996**

Rev. Sr. Hilaria SIC ഹെഡ്മിസ്ട്രസായി ചാർജെടുത്തു. തിരുവല്ല രൂപതാ മാനേജ്മെന്റ് മാർ സേവേറിയോസ് ടീച്ചർ ട്രെയിനിംഗ് കോളേജ് (B.Ed) ഈ വിദ്യാലയത്തോട് അനുബന്ധിച്ച് ആരംഭിച്ചു. ഹയർസെക്കണ്ടറി വിഭാഗം ഗവ. അംഗീകാരം ലഭിച്ചു. SSLC 99% - Viji Mary Varghese-565 Top Scorer.

**1997**

സെന്റ്. തെരേസാസ് സ്കൂൾ ഹയർ സെക്കണ്ടറി സ്കൂളായി upgrade ചെയ്തു. ഹയർ സെക്കണ്ടറി വിഭാഗം സ്കൂൾ കെട്ടിടത്തിന് സ്കൂൾ കോർപ്പറേറ്റ് മാനേജർ റവ. ഡോ. ഏബ്രഹാം കാക്കനാട്ട് തറക്കല്ലിട്ടു. SSLC 95%

വിജയം - Seethal Mathew - 559 Top Scorer. കലോത്സവത്തിൽ സബ് ജില്ലാ, റവന്യൂ ജില്ലാ തലത്തിൽ ഓവറോൾ വിജയം കരസ്ഥമാക്കി.

**1998**

Rev. Sr. Giovani SIC ഹെഡ്മിസ്ട്രസ് & പ്രിൻസിപ്പൽ ആയി ചാർജെടുത്തു. ഹയർ സെക്കണ്ടറി വിഭാഗം ആരംഭിച്ചു. 2 സയൻസ് ബാച്ചും, 1 ഹ്യുമാനിറ്റീസ് ബാച്ചും ഗവൺമെന്റ് അനുവദിച്ചു. ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി ലാബുകൾ ആരംഭിച്ചു. മലയാളം അദ്ധ്യാപിക ശ്രീമതി എം. ജി. സൂസമ്മടീച്ചർ പൗരസ്ത്യഭാഷാ സംസ്ഥാന അവാർഡിന് അർഹയായി. SSLC 98% വിജയം - Sneha M. Prakash - 578-IX State Rank, Priya Sara Varghese-577-X State Rank.

**1999**

ഹയർ സെക്കണ്ടറി വിഭാഗം കംപ്യൂട്ടർ സയൻസ് ബാച്ച് ആരംഭിച്ചു. ശ്രീ. രമേശ് ചെന്നിത്തല എം. പി യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 5 കംപ്യൂട്ടറുകൾ ലഭിച്ചു. SSLC 99% വിജയം - Reni Jose - 559 Top Scorer.

**2000**

ഹയർ സെക്കണ്ടറി വിഭാഗം കൊമേഴ്സ് ബാച്ച് ആരംഭിച്ചു. സംസ്ഥാന കലോത്സവത്തിൽ കുമാരി അഞ്ജലി കൃഷ്ണ ഹൈസ്കൂൾ വിഭാഗം കലാതിലക പട്ടം കരസ്ഥമാക്കി. SSLC 97% വിജയം - Liza Elizabeth Jase 563 Top Scorer. HSS Teena Shine Mathew Science Top Scorer. Liby P. B-Humanities Top Scorer .

**2001**

Sr. Geovani SIC Best Principal അവാർഡിന് അർഹയായി സംസ്ഥാന കൈരളി പരീക്ഷയിൽ 5-ാം ക്ലാസ് വിദ്യാർത്ഥിനി കുമാരി അഞ്ജു ഗോപൻ 1st Rank നേടി. സ്വർണ്ണ മെഡൽ കരസ്ഥമാക്കി. SSLC 98% വിജയം - Ria Rachel Varghese-561 Top Scorer, HSS-Divya Grace Varghese Science Top Scorer. HSS Simi Thomas - Humanities Top Scorer.

**2002**

പുതുതായി പണികഴിപ്പിച്ച സ്കൂൾ ഓഡിറ്റോറിയം കൂദാശ ചെയ്തു. സ്കൂൾ സുവർണ്ണ ജൂബിലി ഉത്ഘാടനം തിരുവല്ലാ രൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ
ഗീവർഗീസ് മാർ തീമോത്തിയോസ് തിരുമേനി നിർവ്വഹിച്ചു. സംസ്ഥാന കലോത്സവത്തിൽ കുമാരി അഞ്ജലി വിദ്യാർത്ഥിനി ഹയർസെക്കണ്ടറി വിഭാഗം കലാ തിലകം ആയി. ഹിന്ദി സുഗമ പരീക്ഷ 10-ാം ക്ലാസ് വിദ്യാർഥിനി ലക്ഷ്മി എം നായർ III" Rank നേടി.

SSLC 99% വിജയം -Shyama Manoj-510 Top Scorer. HSS 95% വിജയം Sreelekha K.R.-Humanities Ist rank, Diyana Mary George, Science Top Scorer, Sreerekha V - Comp. Science Top Scorer.

**2003**

സ്കൂൾ സുവർണ്ണ ജൂബിലി സമാപനം ആഘോഷിച്ചു. വിദ്യാഭ്യാസ മന്ത്രി ശ്രീ. നാലകത്ത് സൂപ്പി സമാപനസമ്മേളനം ഉത്ഘാടനം നടത്തി. പ്രസിദ്ധ സിനിമാ നടൻ കുഞ്ചാക്കോ ബോബൻ കലാപരിപാടികൾ ഉത്ഘാടനം ചെയ്തു. പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തി. ഹയർസെക്കണ്ടറി മലയാളം അധ്യാപിക ശ്രീമതി. ജോയ്സി പി. പാവു പി. എച്ച്. ഡി. കരസ്ഥമാക്കി. SSLC 100%  വിജയം - Lekshmi M. Nair-5th State Rank. HSS 96% വിജയം- Neetha Eapen Panicker - Humanities 4th State Rank. Mini Susan Abraham- Science Top Scorer, Ann Varghese - Comp. Science Top Scorer, Sara Susan John -Commerce Top Scorer

## 2004

Rev. Sr. Little Flower SIC ഹയർ സെക്കൻഡറി പ്രിൻസിപ്പലായി നിയമിതയായി. Rev. Sr. Josia SIC ഹൈസ്കൂൾ വിഭാഗം ഹെഡ്മിസ്ട്രസ് ആയി ചാർജെടുത്തു. സംസ്ഥാന കലോത്സവത്തിൽ മാർഗ്ഗംകളി മത്സരം ഒന്നാം സ്ഥാനം കരസ്ഥമാക്കി SSLC 99% വിജയം Asha. S 510 Top Scorer. HSS 87% Sreelakshmi K. R - (SC)-1 Rank Commerce

## 2005

Rev. S. Deepthi SIC ഹെഡ്മിസ്ട്രസ് ആയി ചാർജ് എടുത്തു. SSLC ഗ്രേഡിംഗ് സമ്പ്രദായം ആരംഭിച്ചു. SSLC 99% വിജയം - Susan Thomas Full A+ നേടി പത്തനംതിട്ട ജില്ലയുടെ Top Scorer ആയി. HSS 92% വിജയം - Lekshmi M. Nair Science Top Scorer Susanna Varghese-Humanities - Top Scorer. Ligi Jolly - Commerce - Top Scorer

## 2006

സ്കൂൾ EDUSAT ആരംഭിച്ചു. SSLC 99% വിജയം

### SSLC Full A+ Holders

Ashline Sara Mathew, Neethu S. Babu, Asha Mary Eapen, Surya R.

### HSS Top Scorers

Joseena Mariam Iype - Science, Surya Krishna-Humanities, Mini Mary Kuriakose-Commerce

## 2007

സ്കൂൾ Eco Friendly School ആയി പ്രഖ്യാപിച്ചു. ഹയർസെക്കണ്ടറി ഹിന്ദി അധ്യാപിക ശ്രീമതി. റാണി കോശി പി.എച്ച്.ഡി കരസ്ഥമാക്കി. SSLC 98% വിജയം

### SSLC Full A+ Holders

Ambily Mohan. S., Ankitha Theresa George, Nithya M. Pillai, Shilpa John, Alisha Asharaf, Raji Mary Mathew, Bindhya Merin Thomas, Gayathri Prasad, Jeena Susan Alex, Jeneena Babu, Jerusha Susan Joy, Merin Jacob, Elizabeth Mariam Thomas, Zefia Susan Abraham

### HSS Top Scorers

Susan Thomas Science, Lincy Rajan - Science, Dhanya Sara Philip - Humanities, Jeetha Rachel Mathew ഥമാക്കി. - Commerce

### 2008

Rev. Sr. Luciya SIC ഹെഡ്മിസ്ട്രസ് ആയി ചാർജെടുത്തു. മല്ലപ്പള്ളി ഉപജില്ലാ കലോത്സവം സെന്റ് തെരേസാസ് സ്കൂളിൽ വച്ച് നടത്തപ്പെട്ടു. SSLC 100% വിജയം.

### SSLC Full A+ Holders

Archana B. Nair, Aswitha Mary Abraham. Aswathy P.S., Ancy Merin Thomas, Jancy Eapen, Sreelakshmi R., Sruthy .S. Pillai

### HSS Full A+ Holders

Fathima P. K. Science, Krishnaveni. L- Science, Rose Mariam Siby Humanities, Jasmine M. Jacob Commerce

### 2009

Kumari Sharon Susan Koshy Std - X ദേശീയതലത്തിൽ സയൻസ് സെമിനാറിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. SSLC 100% വിജയം

### SSLC Full A+ Holders

Aswathy. C, Amitha Geethu Soman, Carolin Rose Thomas, Poornendu R. Murali, Bineetha Anna Joseph, Achu Mariam John, Honey Varghese, Reshma R.. , Rooku Ramachandran, Athira Anilkumar, Honey Elizabeth. S, Sandhya. S. ,Aneesha. C. A, Fousia Salim, Merlyn Mariam Varghese, Siji Mariam Mathew.

### HSS Full A+ Holders

Janeena Babu- Science, Arya Sabu - Science Cicy Maria Kuriakose - Commerce

### 2010

57-ാം ദേശീയ ഗെയിംസ് ഹാൻഡ്ബോൾ മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് 10-ാം ക്ലാസ് വിദ്യാർത്ഥിനി അനില മറിയം ചെറിയാൻ പങ്കെടുത്തു. ഹയർ സെക്കണ്ടറി ഇംഗ്ലീഷ് അധ്യാപിക Phiona Elizabeth Joshy kottayam ,B.C.M College Asst. Professor .ആയി നിയമനം ലഭിച്ചു. SSLC 99% വിജയം

### SSLC Full A+ Holders

Josmy Jose, Savitha Abraham, Liza Mariyam Saji, ,Sharon Susan Koshy, Shilpa Susan Biji, Shilpa Baburaj, Sharon Samson, Elizabeth Ann Skariah, Merin Maria Thomas

### HSS Full A+ Holders

Rinku Alen Mathews - Science, Bijily Babu - Science Jeena Mathew - Humanities, Shelja Bhasker - Commerce

### 2011

പത്തനംതിട്ട റവന്യൂ ജില്ല സാമൂഹിക ശാസ്ത്ര മേള യിൽ ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങൾ ഓവറോൾ ചാംമ്പ്യൻഷിപ്പ് കരസ്ഥമാക്കി. SSLC 97% വിജയം.

### SSLC Full A+ Holders

Arpitha Ann James, Manisha Elsa Varghese, Smera Elsa Saji, Gifty Elsa Paulose, Manju M. Kaimal, Teena Elizabeth Mathew, Shani Teresa Thomas, Jenita Ann Mathew, Vijayalekshmi C. K

### HSS Full A+ Holders

Aswathy Elsa Abraham - Science, Athira Anil Kumar - Science, Rejitha M. R Science, Ashwathy. C- Science, Merin Philip- Science, Githa Rachel Oommen - Science, Irfana Easa - Science, Shana David - Science, Sherin Susan Varghese Science, Amitha Geeth Varghese-Humanities, Sneha Mariam Zacharia - Commerce

### 2012

സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ് ബഥനി സിസ്റ്റേഴ്സ് എജ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ ആയി. ആദ്യ മാനേജർ Rev. Sr. Giovani SIC. സ്കൂൾ വജ്രജൂബിലി ഉത്ഘാടനം അഭിവന്ദ്യ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ ശ്രീ. ആന്റോ ആന്റണി എം. പി. നിർവ്വഹിച്ചു. സ്കൂൾ വെബ്സൈറ്റ് ഉത്ഘാടനം നടത്തി. ശ്രീ. മാത്യൂ ടി. തോമസ് എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും കംപ്യൂട്ടറുകൾ, പ്രൊജക്റ്റർ എന്നിവ ലഭിച്ചു. SSLC 99% വിജയം

### SSLC Full A+ Holders

Ayrrin Rose Paul, Jemy Moly Jacob, Meera M. Nair Ressin Varghese, Saranya S. Anand, Sneha Anna Sunoj. Sneha Joseph, Sherin Thomas

### HSS FULL A+ holders

Sharon Susan Koshy - Science, Nithya Ramanujan - Science, Savitha Abraham - Science, Liza Mariam Saji - Science, Anjali Anna Varghese - Science, Giphy Susan Varghese-Science, Shilpa Susan Biji - Science, Merlin Maria Thomas - Science, Chippy George -Commerce, Reshma Reghu - Commerce, Chinnu Priya Punnoose - Commerce, Lekshmi. J- Humanities

### 2013

വജ്ര ജൂബിലി സമാപനം മലങ്കര കത്തോലിക്കാ സഭാ മേലദ്ധ്യക്ഷൻ കർദ്ദിനാൾ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവ തിരുമനസ് നിർവ്വഹി ച്ചു. പ്രൊഫ. പി. ജെ. കുര്യൻ എം. പി (രാജ്യസഭാ ഉപാദ്ധ്യക്ഷൻ)- പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുകയാൽ Noon Feeding Kitchen പണി പൂർത്തിയാക്കി ഉത്ഘാടനം ചെയ്തു. ഭവനരഹിതരായ രണ്ട് കുട്ടികൾക്കായി വീട് പണിതു കൊടുത്തു .സ്കൂൾ Best PTA Award ന് അർഹമായി. മനോരമ നല്ലപാഠം പദ്ധതി സ്കൂൾ പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കപ്പെട്ടു. 59-ാം ദേശീയ ഹാൻഡ് ബോൾ മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പത്താം ക്ലാസ് വിദ്യാർത്ഥിനി കുമാരി മെറിൻ മാത്യു പങ്കെടുത്തു. പത്തനംതിട്ട റവന്യൂ ജില്ലാ സാമൂഹ്യ ശാസ്ത്രമേളയിൽ ഹൈസ്കൂൾ വിഭാഗം ഓവറോൾ ചാംതപ്യൻഷിപ്പ് കരസ്ഥമാക്കി. SSLC 99%

### SSLC Full A+ Holders

Aleena Thampi, Ammu Thankam Mathew, Christeena Mary John, Christy Roy, Princy Eapen, Jomol John, Sruthy Susa Varkey, Elsiba Mathew, Roshni Anna Biju, Sneha. H, Sneha Sara Saji, Maneesha K. Mathew, Liyamol Babu, Sona Susan Varghese, Deepika Gopan

### HSS Full A+ Holders

Science
Jenitta Ann Mathew , Teena Elizabeth Mathew - , Arpitha Ann James , Anjitha Kunjumon , Manisha Elsa Varghese ,
Commerce
Manju K. Kaimal , Shani Teresa Thomas - Asha Susan Mathew , Steny st. Anu Philip-
Achu P. Raj - Humanities

2013-**2014**

2013- 14 ൽ SSLCപരീക്ഷയിൽ 189കുട്ടികൾ പരീക്ഷ എഴുതി 100 % വിജയം കരസ്ഥമാക്കി സ്കൂളിന് അഭിമാനമായി.HSSവിഭാഗത്തിൽ 294കുട്ടികൾ പരീക്ഷ എഴുതി 90ഓളംകുട്ടികൾ ഡിസ്റ്റിങ്ഷനോടെ പാസായി സാമൂഹ്യ ഗണിതശാസ്ത്ര പ്രവർത്തിപരിചയമേളകളിൽ സ്കൂളിലെ പ്രതിനിധീകരിച്ച് 5 കുട്ടികൾ State level വിജയികളായി.

2014-**2015**

2014- 15 ൽ SSLCപരീക്ഷയിൽ 177കുട്ടികൾ പരീക്ഷ എഴുതി 100 % വിജയം കരസ്ഥമാക്കി 9 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും A+നേടി സ്കൂളിന് അഭിമാനമായി.HSSവിഭാഗത്തിൽ 321 കുട്ടികൾ പരീക്ഷ എഴുതി 91%വിജയം കരസ്ഥമാക്കി 18കുട്ടികൾ എല്ലാ വിഷയങ്ങൾക്കും A+ നേടി സ്കൂളിൻറെ യശസ് ഉയർത്തി. സാമൂഹ്യ ഗണിതശാസ്ത്ര പ്രവർത്തിപരിചയമേളകളിൽ സ്കൂളിലെ പ്രതിനിധീകരിച്ച് 8 കുട്ടികൾ State level വിജയികളായി.

2015-**2016**

2016- 17 ൽ SSLCപരീക്ഷയിൽ 234കുട്ടികൾ പരീക്ഷ എഴുതി 99.5 % വിജയം കരസ്ഥമാക്കി 17 കുട്ടികൾഎല്ലാ വിഷയങ്ങൾക്കും A+ നേടി സ്കൂളിന് അഭിമാനമായി.HSSവിഭാഗത്തിൽ 301കുട്ടികൾ പരീക്ഷ എഴുതി 12 -കുട്ടികൾ A+ നേടുകയും ചെയ്തു
സാമൂഹ്യ ഗണിതശാസ്ത്ര പ്രവർത്തിപരിചയമേളകളിൽ സ്കൂളിലെ പ്രതിനിധീകരിച്ച് 7കുട്ടികൾ State level വിജയികളായി.

2016-**2017**

ഈ അധ്യയന വർഷത്തിൽ SSLC പരീക്ഷയിൽ 205കുട്ടികൾ പരീക്ഷ എഴുതുകയും 204കുട്ടികൾ വിജയം കരസ്ഥമാക്കുകയും ചെയ്തു 15കുട്ടികൾ എല്ലാ വിഷയങ്ങൾക്കും A+ നേടി സ്കൂളിന് അഭിമാനമായി

2017-2018

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത ഹൈടെക് ക്ലാസ് മുറികൾ HS HSS.വിഭാഗങ്ങളിൽ സജ്ജീകരിച്ചു കൊണ്ടിരിക്കുന്നു

2018- 19ൽ SSLCപരീക്ഷയിൽ 99.5 % വിജയം കരസ്ഥമാക്കി സ്കൂളിന് അഭിമാനമായി.HSSവിഭാഗത്തിൽ 12കുട്ടികൾ A+നേടുകയും ചെയ്തു.
സാമൂഹ്യ ഗണിതശാസ്ത്ര പ്രവർത്തിപരിചയമേളകളിൽ സ്കൂളിലെ പ്രതിനിധീകരിച്ച് 6 കുട്ടികൾ State level വിജയികളായി.

പ്രളയ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ

പ്രളയ ദുരന്തത്തെ അതിജീവിക്കുവാൻ ദുരന്ത പശ്ചാത്തലത്തിൽ നമ്മുടെ മനസുകളെ സജീകരിക്കേണ്ടതിനെ കുറിച്ചും നേരിടേണ്ടതിനെ കുറിച്ചും ബോധവൽക്കരിക്കുകയും ഉണ്ടായി.uniform , instrument box , bag , tiffin box, umbrella, Text books, Notebooks പുനരുദ്ധരിക്കുന്നതിനായി ആകെ ഒരു ലക്ഷത്തി ഒരു നൂറ്റി നാൽപത് രൂപ നൽകി.

ഈ വിദ്യാലയത്തിലെ സിസ്റ്റേഴ്സും ടീച്ചേഴ്സും അവരുടെ ഒരു മാസത്ത ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു.

## 2019

2018-19 അധ്യയന വർഷത്തിൽ SSLC പരീക്ഷയിൽ 176 കുട്ടികൾ പരീക്ഷയെഴുതുകയും 99% വിജയം കരസ്ഥമാക്കുകയും ചെയ്തു. 20 കുട്ടികൾ എല്ലാ വിഷയത്തിനും A+ കരസ്ഥമാക്കുകയും ചെയ്തു.

HSS വിഭാഗത്തിൽ 524 കുട്ടികൾ പരീക്ഷ എഴുതുകയും 90% വിജയം കരസ്ഥമാക്കുകയും ചെയ്തു. 15 കുട്ടികൾ full A+ കരസ്ഥമാക്കി.

## 2020

## HI-TECH പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനം

പൊതുവിദ്യാഭാസ സംരക്ഷണയാഞ്ജനത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപന ചടങ്ങ് 2020 ഒക്ടോബർ 12 തിങ്കളാഴ്ച പകൽ 11 മണിക്ക് ബഹു. കേരള മുഖ്യ മന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു. അതിനെ തുടർന്ന് സ്കൂൾതല ഹൈടെക് പദ്ധതി പൂർത്തീകരണ പ്രഖ്യാപന ചടങ്ങ് നടത്തി. രക്ഷകർത്തൃ പ്രതിനിധികൾ, അധ്യാപകർ, അനധ്യാപകർ പങ്കെടുത്തു.PTAപ്രസിഡന്റ് ശ്രീ. റെജി കുമാർ സ്കൂൾതല പദ്ധതി പൂർത്തീകരണ പ്രഖ്യാപനം നിർവഹിച്ചു. പ്രസ്തുത യോഗത്തിൽ ഹെഡ്മിസ്ട്രസ് Sr. ലീമ റോസ് SIC സ്വാഗതം ചെയ്തു. യോഗത്തിലുടനീളം കോവിഡ്- 19 പ്രോട്ടോകോൾ പാലിക്കുകയുണ്ടായി.

## 2021

2020-21 അധ്യയന വർഷത്തിൽ SSLC പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കുകയും ചെയ്തു. 64 കുട്ടികൾ എല്ലാ വിഷയത്തിനും A+ കരസ്ഥമാക്കുകയും ചെയ്തു.

## 2022

2021-22 അധ്യയന വർഷത്തിൽ SSLC പരീക്ഷയിൽ 154 കുട്ടികൾ പരീക്ഷയെഴുതുകയും 99.4% വിജയം കരസ്ഥമാക്കുകയും ചെയ്തു. 18 കുട്ടികൾ എല്ലാ വിഷയത്തിനും A+ കരസ്ഥമാക്കുകയും ചെയ്തു.

HSS വിഭാഗത്തിൽ 216 കുട്ടികൾ പരീക്ഷ എഴുതുകയും 80% വിജയം കരസ്ഥമാക്കുകയും ചെയ്തു. 14 കുട്ടികൾ full A+ കരസ്ഥമാക്കി.

**2023**

2022-23 അധ്യയന വർഷത്തിൽ SSLC പരീക്ഷയിൽ 144 കുട്ടികൾ പരീക്ഷയെഴുതുകയും 100% വിജയം കരസ്ഥമാക്കുകയും ചെയ്തു. 30 കുട്ടികൾ എല്ലാ വിഷയത്തിനും A+ കരസ്ഥമാക്കുകയും ചെയ്തു.
HSS വിഭാഗത്തിൽ 19 കുട്ടികൾ full A+ കരസ്ഥമാക്കി.

**2024**

2023-24 അധ്യയന വർഷത്തിൽ SSLC പരീക്ഷയിൽ 152 കുട്ടികൾ പരീക്ഷയെഴുതുകയും 100% വിജയം കരസ്ഥമാക്കുകയും ചെയ്തു. 26 കുട്ടികൾ എല്ലാ വിഷയത്തിനും A+ കരസ്ഥമാക്കുകയും ചെയ്തു.
സ്കൂളുകളിലെ ജനകീയ പങ്കാളിത്തം

സമഗ്രവികസനവും അവികലമായ വ്യക്തിത്വവും നേടിയെടുക്കുക എന്ന വിദ്യാഭ്യാസ പ്രഖ്യാപിത ലക്ഷ്യ സാക്ഷാത്ക്കാരത്തിന്റെ പൂർത്തീകരണത്തിനായി അധ്യാപകരോടൊപ്പം രക്ഷകർത്താക്കളും ജനപ്രതിനിധികളും തിരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്ഥാപനങ്ങളും കൈകോർത്ത് പ്രവർത്തിക്കുന്നു.

## PTA

ഏതൊരു വിദ്യാലയത്തിന്റെയും പുരോഗതിയിൽ നിർണായക പങ്കു വഹിക്കുന്ന ഘടകമാണ് ആ വിദ്യാലയത്തിലെ അധ്യാപകരക്ഷകർതൃ സംഘടന. സ്കൂളിന്റെ വികസനത്തിനായി ഓരോ കുഞ്ഞിന്റെയും പഠന പുരോഗതിക്കായി ഏക മനസ്സോടെ പ്രവർത്തിക്കുന്ന പി.ടി.എ ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ്. പ്രവർത്തനങ്ങളെ നോക്കിക്കണ്ട് ആവശ്യമെങ്കിൽ വേണ്ട നിർദ്ദേശങ്ങളും സഹായസഹകരണങ്ങളും PTA സമയാസമയങ്ങളിൽ നൽകി വരുന്നു. വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളിലും നേതൃനിരയിൽ നിന്ന് ചെയ്യുന്നു.

## M.P.T.A

പ്രശ്ന സങ്കീർണമായ ആധുനിക യുഗത്തിൽ കുട്ടികളെ കൈകാര്യം ചെയ്യുന്നതിൽ അമ്മമാരുടെ പങ്ക് വലുതാണ്. മൂല്യാധിഷ്ഠിതമായ ജീവിതം നയിക്കാനുതകുന്ന ബോധവൽക്കരണ, മാർഗനിർദ്ദേ ക്ലാസ്സുകൾ M.P.T.A യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. കൂടാതെ കരിയർ ഗൈഡൻസും നൽകി വരുന്നു. വരും വർഷങ്ങളിൽ കുട്ടികൾക്കായി കൂടുതൽ പ്രവർത്തനങ്ങളും നിലവിലുള്ളവയും തുടരുന്നു.
-കൃഷിവകുപ്പിന്റെ സഹായത്തോടെ പച്ചക്കറി.തോട്ടംനിർമ്മിക്കുന്നതിന് ആവശ്യമായ വിത്ത് വിതരണം ചെയ്തു കുട്ടികളിൽ കൃഷി താത്പര്യം ജനിപ്പിക്കുവാനുതകുന്ന പ്രവർത്തനമായിരുന്നു ഇത്
-സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനംതുടങ്ങിയ ദിനാചരണങ്ങളിൽ പൊതു പ്രവർത്തനങ്ങളിൽ പങ്കാളിത്വം.

### PTA Members 2023-24

1. Adv.Sam Pattery(PTA President)
2. Sri. Joy Sam K Varghese (Vice President)
3. Smt. Chinnu Mohan (MPTA)
4. Fr. Aneesh Thomas
5. Sri. Hunais Oottukulam
6. Sri. Antichen Joseph Cherakkara
7. Sri. Baiju Philip

8. Smt. Merely Toms
9. Smt. Rajani Alex
10. Smt.Ambily Mohan
11. Dr. Joicy Pavoo (Principal)
12. Sr. Reema C Jacob SIC (HM)
13. Smt.Shigy Tresa K
14. Sr.Immaculate SIC
15. Smt.Sudha Chacko
16. Smt.Rani Koshy

**PTA Members 2024-25**

1. Sri.Joy Sam K Varghese ( President)
2. Sri. Antichen Joseph Cherakkara( Vice president)
3. Smt.  Bindhu Sibi (MPTA)
4. Adv.Prasad George
5. Adv.Sam Patteryil
6. Sri. Hunais Oottukulam
7. Sri. Baiju Philip
8. Smt. Merly Toms
9. Smt.Anu Cheriyan
10. Smt.Anu Mathew
11. Dr. Joicy Pavoo (Principal)
12. Sr. Reema C Jacob SIC (HM)
13. Smt.Shigy Tresa K
14. Sr.Immaculate SIC
15. Smt.Sudha Chacko
16. Smt.Rani Koshy
17. Sr.Philo SIC
18. Sr.Sincy SIC
19. Smt.Reena Mathew
20. Smt .Bijimol K

## സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾ

### ലൈബ്രറി

വായനയുടെ അനന്തലോകത്തിലേക്ക് കുട്ടികളെ എത്തിക്കുന്നതിനായി അദ്ധ്യാപകരുടെ സഹായത്തോടുകൂടി ലൈബ്രറി കുട്ടികൾക്കായി പ്രവർത്തിക്കുന്നു. പുസ്തക വായനാനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ വായനാക്കുറിപ്പു തയ്യാറാക്കുകയും ഓരോ ദിനവും അസംബ്ലിയിൽ ഓരോ മഹാന്മാരേക്കുറിച്ചും ജീവിതാനുഭവങ്ങളെക്കുറിച്ചും കുട്ടികൾ തങ്ങൾ മനസ്സിലാക്കിയത് പങ്കുവയ്ക്കുന്നു. കൂടാതെ ഓരോ ക്ലാസ്സിലേയും കുട്ടികൾ വായനാഭിരുചി വളർത്തിയെടുത്ത് - മുൻപോട്ടു പോകുവാൻ ദിനപ്പത്രങ്ങളും ഡൈജസ്റ്റ് പോലുള്ള ദ്വൈവാരികകളും ക്ലാസ്സ് റൂമുകളിൽ വിതരണം ചെയ്യുന്നു.

### പത്രക്വിസ്

കുട്ടികളിൽ ജനറൽനോളജ് വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പത്രക്വിസ് എല്ലാ ആഴ്ചയിലും സംഘടിപ്പിച്ചു വരുന്നു. രണ്ടാഴ്ച കൂടുമ്പോൾ അസംബ്ലിയിലും സമ്മാനങ്ങൾ നൽകി വരുന്നു.

### തെരേസ്യൻ ഫോക്കസ്

സെന്റ് തെരേസാസ് ബി.സി.എച്ച്.എസ്.എസ്. ന്റെ മുഖപത്രം (തെരേസ്യൻഫോക്കസ്) ഓരോ മാസവും പുറത്തിറക്കുന്നു. പത്രം തിങ്കളാഴ്ച ജനറൽ അസംബ്ലിയിൽ പ്രകാശനം ചെയ്യുകയും ദിനംതോറും നടക്കുന്ന അസംബ്ലിയിൽ വായിക്കപ്പെടുകയും ചെയ്യുന്നു.

### സ്കൂൾ അസംബ്ലി

എല്ലാ ബുധനാഴ്ചയും നടക്കുന്ന സ്കൂൾ അസംബ്ലിക്ക് ഓരോ ക്ലാസ്സ് ആണ് നേതൃത്വം വഹിക്കുന്നത്. ക്ലാസ്സ് ടീച്ചർ മുഖ്യസന്ദേശം നല്കുകയും ആ ക്ലാസ്സിലെ കുട്ടികൾ ആ ആഴ്ച അനുസ്മരിക്കേണ്ട ദിനങ്ങളെ അടിസ്ഥാനമാക്കി പ്രസംഗം - പ്രബന്ധം എന്നിവ കൂടാതെ കലാപരിപാടികളും അവതരിപ്പിക്കുന്നു. മറ്റു ദിവസങ്ങളിലെ അസംബ്ലിയിൽ ഓരോ ദിനാചരണങ്ങളും അനുസ്മരിക്കുകയും പത്രവായന നടത്തുകയും ചെയ്യുന്നു.

### സ്കൂൾ കലോത്സവം

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കലാവാസനകളെ പരിപോഷിക്കുന്നതിനും വളർത്തുന്നതിനും കുട്ടികൾക്ക് അവസരം നൽകുന്നതിനായി ഓരോ ക്ലാസ്സിനെയും ഓരോ ഗ്രൂപ്പായി പരിഗണിച്ച് സ്കൂൾ കലോത്സവം നടത്തി വരുന്നു. ഏറെ പ്രചോദനാത്മകവും പ്രതീക്ഷ നിർഭരവുമാണ് കലോത്സവം. മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്ന കുട്ടികളെ സബ്ജില്ലാ കലോത്സവത്തിനായി ഒരുക്കുന്നു. കലോത്സവ വേദികളിലെല്ലാം കുട്ടികൾ മികച്ച പ്രകടനങ്ങൾ കാഴ്ച വച്ച് സ്കൂളിന് അഭിമാനമുണ്ടാക്കുന്നു . ജില്ലാ കലോത്സവത്തിനും സംസ്ഥാന കലോത്സവ വേദികളിലും കുട്ടികൾ പ്രകടനം നടത്താറുണ്ട്.അതിനു വേണ്ടുന്ന സഹായങ്ങളെല്ലാം സ്കൂളിന്റെ ഭാഗത്തു നിന്ന് നടത്താറുണ്ട്

ഇംഗ്ലീഷ് കാർണിവൽ
ആംഗലേയ ഭാഷയുടെ മാഹാത്മ്യം കുട്ടികളെ മനസ്സിലാക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും കുട്ടികൾക്ക് നൽകുന്ന വേദിയാണ് ഇംഗ്ലീഷ് കാർണിവൽ. ആധുനിക ലോകത്തിൽ ആംഗലേയഭാഷാപഠനം വളരെയധികം പ്രാധാന്യമർഹിക്കുന്നു. ഇന്ത്യക്കകത്തും പുറത്തും ആംഗലേയ ഭാഷാപഠനം വളരെയധികം അത്യാവശ്യമാണ്. പ്രസംഗം, കവിത, നാടകം, സ്കിറ്റുകൾ, രചനകൾ ഇവ ഉൾപ്പെടുന്നു. വൈവിധ്യവും മികവാർന്ന പരിപാടികളാണ് ഇംഗ്ലീഷ് കാർണിവലിൽ ഉൾപ്പെടുന്നത്. സ്കൂൾ കലോത്സവങ്ങളിലും സബ്ജില്ല ,ജില്ല ,സംസ്ഥാന കലോത്സവങ്ങളിലും സമ്മാനം കരസ്ഥമാക്കിയ പരിപാടികൾ ഇംഗ്ലീഷ് കാർണിവലിൽ ഉൾപ്പെടുത്താറുണ്ട്. കഴിഞ്ഞ വർഷം ജില്ലാ കലോത്സവത്തിൽ ഇംഗ്ലീഷ് സ്കിറ്റിന് ഒന്നാം സ്ഥാനവും സംസ്ഥാനതലത്തിൽ B ഗ്രേഡും ലഭിച്ചത് സെൻറ് തെരേസാസിന് ഒരു പൊൻതൂവൽ ആണ്. ക്ലാസ് തിരിച്ച് പരിപാടികൾ നടത്തുമ്പോൾ വ്യത്യസ്തമായ കഴിവുകളാണ് കണ്ടെത്തുന്നതും അവതരിപ്പിക്കുന്നതുംകുട്ടികളിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ആംഗലേയ ഭാഷയോട് കൂടുതൽ താൽപര്യം ജനിപ്പിക്കാനും അത്യന്താപേക്ഷിതമാണ്. യുപി മുതൽ ഹൈസ്കൂൾ വരെയുള്ള കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെ കണ്ടെത്തി വളർത്തി പരിപോഷിപ്പിക്കുന്ന ഒരു സുവർണ്ണ വേദിയാണ് ഇംഗ്ലീഷ് കാർണിവൽ.

ഫുഡ് ഫെസ്റ്റ്

എല്ലാ വർഷവും  തെരേസിയൻ ദിവസമായ ഒക്ടോബർ ഒന്നിനോട് അനുബന്ധിച്ച സ്കൂളിൽ ഒരു ഫുഡ് ഫെസ്റ്റ് നടത്താറുണ്ട്.കുട്ടികൾ അവരുടെ വീടികളിൽ നിന്ന് കൊതിയൂറുന്ന വിഭവങ്ങൾ ഉണ്ടാക്കി സ്കൂളിൽ കൊണ്ടുവന്നു വിതരണം ചെയ്യുന്നു.അതിൽ നിന്ന് കിട്ടുന്ന സാമ്പത്തികം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. കുട്ടികളിൽ നിന്നും രഷിതാക്കളിലിൽ നിന്നും മികച്ച സഹായസഹകരണങ്ങൾ ഫുഡ് ഫെസ്റ്റിനു ലഭിക്കാറുണ്ട്.

## മികവുകൾ

എസ്എസ്എൽസി,പ്ലസ് ടുപരീക്ഷകളിലും, യു.എസ്.എസ്, എൻ.എം.എം.എസ്, ഇൻസ്പെയർ അവാർഡ്, തളിര് തുടങ്ങിയ സ്കോളർഷിപ്പുകളിലും, കലാകായിക പ്രവർത്തിമേളയിലും സാമൂഹ്യശാസ്ത്ര, ഐറ്റി മേളകളിലും, ചിത്രരചന, ഉപന്യാസം, കഥ, കവിത തുടങ്ങിയ വിവിധ മത്സരങ്ങളിലും വിദ്യാർത്ഥികൾ ഉന്നത നിലവാരം പുലർത്തുന്നു.

കൗമാരവിദ്യാഭ്യാസം - കൗൺസിലിംഗ്

കൗമാരപ്രായത്തിലുള്ള കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കണ്ടെത്താനുതകുന്ന ക്ലാസ്സുകൾ അദ്ധ്യാപകരുടെ നേതൃത്വത്തിലും മാനസികാരോഗ്യവിദഗ്ധരായിട്ടുള്ള സിസ്റ്റേഴ്സിന്റെ  നേതൃത്വത്തിൽ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിച്ചു വരുന്നു. വിദഗ്ധരായിട്ടുള്ള കൗൺസിലേഴ്സിന്റെ നേതൃത്വത്തിൽ ആവശ്യമുള്ളവർക്ക് കൗൺസിലിംഗും നടത്തിവരുന്നു.

## ക്ലബ്ബുകൾ

ചെങ്ങന്നൂർ ഗ്രാമത്തിന്റെ തിലക ക്കുറിയായി സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂൾ കലാകായിക രംഗങ്ങളിൽ എന്നും ശോഭയോടെ തിളങ്ങിനിൽക്കുന്നു. വിജ്ഞാനത്തിന്റെയും അറിവിന്റെയും മേഖലകളിലേക്ക് പറന്നുയരാൻ സ്കൂളിലെ വിവിധ ക്ലബ്ബുകൾ സഹായകമാകുന്നു. അറിവിനെ പ്രായോഗികതലത്തിൽ ഉയർത്തുവാൻ വിദ്യാർത്ഥികളുടെ ചിന്താശക്തിയും ഇച്ഛാശക്തിയും മുഖ്യപങ്ക് വഹിക്കുന്നു. ക്ലാസ്സ് മുറികളുടെ നാല് ചുവരുകൾക്കിടയിൽ മാത്രം ഒതുക്കാതെ അറിവിന്റെ ചക്രവാളം തേടി പറക്കുവാൻ സ്വതന്ത്രചിന്തയോടെ മുന്നേറുവാൻ ക്ലബ്ബുകളുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. ഭാഷ ഭാഷേതര ക്രമത്തിൽ വിവിധ ക്ലബ്ബുകൾ അറിവിന്റെ അന്വേഷണ ചാതുരിയോടെ നേട്ടങ്ങളുടെ പൊൻ വെള്ളി തിളക്കങ്ങളോടെ നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്നു.
സയൻസ് ക്ലബ്, മാത്സ് ക്ലബ്, പരിസ്ഥിതി ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യവേദി, ലിറ്റിൽ കൈറ്റ്സ് ക്ലബ്, ഹിന്ദി ക്ലബ്, സ്പോർട്സ് ക്ലബ്,ലഹരി വിരുദ്ധ ക്ലബ്ബ്,ലിറ്ററി ക്ലബ്, കാർഷിക ക്ലബ്ബ്, എന്നിവ സജീവമായി പ്രവർത്തിക്കുന്നു.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

കുട്ടികളുടെ ശാരീരികവും, മാനസികവും, ബൗദ്ധികവും, ആത്മീയവുമായ വളർച്ചയ്ക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം വളരെയേറെ പ്രാധാന്യമർഹിക്കുന്നു. കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ, കൗമാര പ്രശ്നങ്ങൾ തുടങ്ങിയവ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും അവർക്ക് ദിശാബോധം നല്കുന്നതിനുമായി സ്കൂൾ തലം തുടങ്ങി സാന്മാർഗിക മൂല്യങ്ങൾ പഠിച്ച് വളർന്നുവരുന്നതിന് സാന്മാർഗിക ക്ലാസ്സുകൾ ക്രമീകരിക്കുന്നു.

പൊതുലക്ഷ്യങ്ങൾ

. മൂല്യാവബോധം സന്മാർഗ്ഗചിന്തകളും വളർത്തിയെടുക്കുക.
. സ്കൂളിന്റെ സാമൂഹിക പ്രതിബദ്ധത
.വ്യക്തിത്വ വികസന കൗൺസിലിങ്ങ്
.സാമൂഹിക പ്രതിബദ്ധത
.നല്ല മനോഭാവം വളർത്തിയെടുക്കൽ

പ്രവർത്തനങ്ങൾ
ഒരു വ്യക്തിയുടെ എല്ലാ തലത്തിലുമുള്ള വളർച്ചയെ ഏറ്റവും പൂർണ്ണമാക്കിതീർക്കുന്ന മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഈ സ്കൂൾ പ്രാമുഖ്യം കൊടുക്കുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് ഒരു മണിക്കൂർ സമയം അദ്ധ്യാപകരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകളും പ്രാർത്ഥനകളും നടത്തുന്നു.

- പ്രത്യേകശ്രദ്ധ ആവശ്യമായ കുട്ടികളെ കണ്ടെത്തി ആദ്യം അദ്ധ്യാപകർ തന്നെ കൗൺസിലിങ്ങു കൊടുക്കുന്നു.

- കൂടുതൽ ശ്രദ്ധ ആവശ്യമായ കുട്ടിയ്ക്ക് വിദഗ്ധ കൗൺസിലറുടെ സഹായം ലഭ്യമാക്കി കൊടുക്കുന്നു.

- കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ. കൗമാരപ്രശ്നങ്ങൾ തുടങ്ങിയവ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും അവർക്ക് ശരിയായ ദിശാബോധം നൽകുന്നതിനുമായി ഡോക്ടേഴ്സ്,പ്രഗല്ഭരായ വ്യക്തികൾ തുടങ്ങിയവരുടെ ക്ലാസുകൾ ക്രമീകരിക്കുന്നു.

- മാതാപിതാക്കൾക്കുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നു.

- പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളുടെ മാതാപിതാക്കളും അദ്ധ്യാപകരും കൂട്ടായി ചേർന്നുള്ള ചർച്ചകൾ ക്രമീകരിക്കുന്നു.

- രാവിലെ നടത്തുന്ന അസംബ്ലിയിൽ ഓരോ അദ്ധ്യാപകരും കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനായി ഓരോ വിഷയത്തെപ്പറ്റിയുള്ള 10 മിനിറ്റ്സ് ക്ലാസ്സുകൾ, പ്രസംഗങ്ങൾ നടത്തി ബോധവൽക്കരിക്കുന്നു .

- അഗതിമന്ദിരങ്ങളിൽ ആരോരുമില്ലാത്ത അന്തേവാസികൾക്ക് മാസത്തിലൊന്നു വീതം കുട്ടികൾ പൊതി ചോറ്, വസ്ത്രങ്ങൾ മറ്റ് ആവശ്യങ്ങൾ കൊടുക്കുന്നു.

- പാവപ്പെട്ട കുട്ടികളുടെ മാരകരോഗത്താൽ വിഷമിക്കുന്ന മാതാപിതാക്കൾക്ക് കുട്ടികളിൽ നിന്ന് സ്വരൂപിച്ചെടുത്ത ചികിത്സാ സഹായം നല്കുന്നു.

# ജൈവവൈവിധ്യം

പൊതുലക്ഷ്യം

ജൈവവൈവിധ്യം എത്രമാത്രം അത്യന്താപേക്ഷിതമാണ് എന്ന് മനസ്സിലാക്കി ജൈവവൈവിധ്യ ശോഷ ണത്തിനും കാരണമാകുന്ന സാഹചര്യങ്ങളിൽ തിരിച്ചറിയുന്നതിനും വിവിധ സംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും അങ്ങനെ കുട്ടികൾ പ്രകൃതിസംരക്ഷകരായി സ്വയം മാറേണ്ട മനോഭാവം വളർത്തിയെ ടുക്കുക ഓരോ കുട്ടിക്കും അതിനു സാധ്യമാകുന്ന വിധം വിദ്യാലയ അന്തരീക്ഷത്തെ മാറ്റിയെടുക്കുക.

പ്രവർത്തനം **I**

ജൈവശോഷണംസംഭവിച്ചുകൊണ്ടിരിക്കുന്ന ചെടികളെ ഉൾപ്പെടുത്തിയുള്ള പൂന്തോട്ട നവീകരണം.
ലക്ഷ്യം - നാടൻ ഇനങ്ങൾ വംശമറ്റ് പോകാതെ നിലനിർത്തുന്നതിനും അവയിൽ നിന്നും ഗുണമേന്മ യുള്ള പുതിയ ഇനങ്ങൾ വികസിപ്പിച്ചെടുക്കാമെന്ന് മനസിലാക്കുന്നതിനും.

ഭൗതികസാഹചര്യം

നിലവിലുള്ള പൂന്തോട്ടം വിപുലീകരിച്ച് ജൈവസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്ന സസ്യങ്ങളെ ഉൾപ്പെടുത്തുന്നു. ജന്മദിനം പോലെയുള്ള വിശേഷാവസരങ്ങളിൽ സാധ്യമാകുന്ന കുട്ടികൾ പൂന്തോട്ട നവീ കരണത്തിനാവശ്യമായ സാധനങ്ങളും പരിചിതമല്ലാത്ത ചെടികളും കൊണ്ടുവന്ന് പൂന്തോട്ടം നവീകരിച്ച് ജൈവവൈവിധ്യസംരക്ഷണത്തിന് പങ്കാളികളാകുന്നു.

പ്രവർത്തനം **II**

വർദ്ധിച്ചു വരുന്ന രോഗങ്ങളും അതേ തുടർന്നുള്ള ചെലവേറിയ ചികിത്സാസമ്പ്രദായങ്ങളും നിലനില്ക്കുന്ന ഈ സാഹചര്യത്തിൽ ആയുർവേദ ചികിത്സ പ്രകൃതിക്കിണങ്ങുന്നതും ചെലവ് കുറഞ്ഞതുമാണെന്ന് കുട്ടികൾ മനസിലാക്കുകയും അതിനാവശ്യമായ ഔഷധ സസ്യങ്ങളെ പരിപാലിക്കുകയും ചെയ്യുന്നു.

ലക്ഷ്യം :- മിക്കരോഗങ്ങളും തെറ്റായ ജീവിതശൈലിയുടെ ഭാഗമായാണ് ഉണ്ടാകുന്നതെന്നും ഈ രോഗങ്ങളെ ഒരു പരിധിവരെ അകറ്റി നിർത്താൻ സസ്യങ്ങളിൽ നിന്നും ലഭിക്കുന്ന ഔഷധങ്ങൾക്ക് സാധിക്കുമെന്ന് മനസിലാക്കുന്നതിനും.

ഭൗതികസാഹചര്യം

സ്കൂൾ പരിസരത്തുള്ള ഔഷധത്തോട്ടത്തിലെ സസ്യങ്ങളെ കുട്ടികൾക്ക് കൂടുതൽ പരിചയപ്പെടുത്തു ന്നതിന് അവയുടെ പേരും ശാസ്ത്രീയ നാമവും അവയുടെ പ്രാധാന്യവും ഉൾപ്പെടുത്തി board സ്ഥാപി ക്കുന്നു. അവരവരുടെ വീടുകളിലുള്ളതും സ്കൂൾ ഔഷധത്തോട്ടത്തിലില്ലാത്തതുമായ ഔഷധസസ്യങ്ങളെ ഉൾപ്പെടുത്തി തോട്ടം വിപുലീകരിക്കുന്നു.

പ്രവർത്തനം **III**

വിഷവിമുക്തമായ പച്ചക്കറിത്തോട്ട നിർമ്മാണം.

ലക്ഷ്യം : - ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുക

ജൈവവളവും ജൈവകീടനാശിനിയും ഉപയോഗിച്ച് നിലവിലുള്ള പച്ചക്കറിത്തോട്ടത്തിൽ കൂടുതൽ ഉല്പാ ദനം നടത്തുകയും ആ പച്ചക്കറികൾ കുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. കൃഷിഭവനുമായി ബന്ധപ്പെട്ട് അവിടെ നിന്ന് ലഭ്യമാകുന്ന പച്ചക്കറി വിത്തുകളും തൈകളും ഗ്രോബാഗുകളും ഉപയോഗിച്ച് പച്ചക്കറി കൃഷി വിപുലമാക്കുന്നു.

നിലവിലുള്ള ജലസംവിധാനം ഇതിന് പര്യാപ്തമല്ല. അതുകൊണ്ട് ജലലഭ്യത ഉറപ്പാക്കുന്നതിന് കൂടു തൽ മഴക്കുഴികളും മഴവെള്ള സംഭരണിയും ആവശ്യമാണ്. ഇതിന് ഒന്നര ലക്ഷം രൂപ ചിലവാകും. ഈ പണം പഞ്ചായത്തുമായി സംസാരിച്ച് നടത്താമെന്ന് തീരുമാനിക്കുന്നു.

പ്രവർത്തനം **IV**

മരങ്ങളുടെ സംരക്ഷണം

ലക്ഷ്യം:- പ്രകൃതിയും പ്രകൃതി വിഭവങ്ങളും മനുഷ്യന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതല്ലെന്നും പ്രകൃതിയുടെ സന്തുലിതാവസ്ഥയിലുള്ള മാറ്റം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്നുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തിയെടുക

സ്കൂൾ പരിസരത്തുള്ള വൃക്ഷങ്ങളെ പരിചയപ്പെടുത്തുന്നതിന് അവയുടെ പേരും ശാസ്ത്രീയനാമവും എഴുതി ഒട്ടിപ്പിക്കുകയും കൂടുതൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ സൗന്ദര്യ ത്തിന് മാറ്റു കൂട്ടുന്നത് ജീവികളുടെ സാന്നിധ്യവും വൈവിധ്യവുമാണ്. വൃക്ഷങ്ങളിൽ പക്ഷികൾക്ക് കൂടുകൂ ഇവാനും മറ്റു ജീവികൾ ആവാസത്തിൻ കാരണമാവുകയും ചെയ്യുന്നു. (കുഞ്ഞാറ്റ, ബുൾബുൾ, തേനീച്ച, തുക്കണാം കുരുവി നിരീക്ഷിക്കുന്ന ജീവജാലങ്ങളുടെ ബാഹ്യഘടന ശബ്ദമാധുര്യം, സ്വഭാവ സവിശേ ഷതകൾ എന്നിവ നൊസ്സിലാക്കുന്നതിനും ജീവികളോട് താമിപര്യം ഉളവാക്കാനും സാധിക്കുന്നു.

ആരോഗ്യം - സാമൂഹികം

സെന്റ് സെമസൊസ് ബറനി കോൺവെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ആരോഗ്യ-സാമൂഹിക മേഖലക ളിൽ മികച്ച പ്രാഗത്ഭ്യം തെളിയിച്ചു കൊണ്ടിരിക്കുന്നു. മുൻവർഷങ്ങളിലെല്ലാം മഴക്കാല രോഗങ്ങൾ നിയന്ത്രിക്കുന്നതിനു വേണ്ട ബോധവൽക്കരണ ക്ലാസുകൾ നൽകാറുണ്ട്. വീടും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കുട്ടികൾക്ക് മനസിലാക്കി കൊടുക്കാറുണ്ട്. വ്യക്തിത്വ വികസനം, ജീവിതശൈലി രോഗങ്ങൾ ഇവയുടെ അപകടങ്ങളെക്കുറിച്ച് അതാതു കാലഘട്ടങ്ങളിൽ ആരോഗ്യരംഗത്തെ വിദഗ്ധരെ വിളിച്ച് കുട്ടികൾക്ക് അറിവു കൊടുക്കാറുണ്ട്. റുബെല്ലാ വാക്സിനേഷൻ, നേത്രപരിശോധന, കുട്ടി ഡോക്ടർമാർ ,മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട്. സ്കൂളിൽ തന്നെ first aid box ഉണ്ട്. അപകടം പറ്റുന്ന കുട്ടികൾക്ക് പ്രഥമ ശുശ്രൂഷ നൽകുന്നു. J.R.C. , Guiding കുട്ടികളുടെ നേതൃത്വത്തിൽ വിദ്യാലയ ശുചീകരണം നടത്താറുണ്ട്. ശിശുപരിപാലന കേന്ദ്രങ്ങൾ സന്ദർശിച്ച് J.R.C സംഘടന അവർക്ക് സാമ്പത്തിക സഹായം നൽകാറുണ്ട്. കൗമാര വിദ്യാഭ്യാസത്തിന്റെ ക്ലാസുകൾ നടത്താറുണ്ട്. കല്ലുപ്പാറ ഹെൽത്ത് സെന്ററിൽ നിന്ന് വിവിധ പരിശോധനകൾ ക്ലാസുകൾ ഇവനടത്താറുണ്ട്. എല്ലാ ആഴ്ചയും അയൺ ഗുളിക കുട്ടികൾക്ക് വിതരണം ചെയ്യുന്നുകൂടാതെ വിര ഗുളികയും നൽകിവരുന്നു. മുഴുവൻ കുട്ടികൾക്കും ആരോഗ്യസുരക്ഷ ഉറപ്പു വരുത്തുന്നുണ്ട്. ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുക എന്നതാണ് സുപ്രധാനമായ ലക്ഷ്യം

തുടർപ്രവർത്തനങ്ങൾ

- ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്നതിനാൽ വിവരവിനിമയസാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളും ക്രിമിനൽ പ്രവർത്തനങ്ങളും നടക്കുന്നതിനാൽ ഇതിൽ നിന്ന് അകറ്റി നിർത്താൻ ബോധവൽക്കരണം നടത്തുക. Internet, Social networking സൈറ്റുകൾ E-mail എന്നിവയുടെ ഉപയോഗത്തെ സംബന്ധിക്കുന്ന വ്യക്തവും കൃത്യവുമായ ധാരണ കുട്ടികൾക്ക് നൽകുക.
- മദ്യം, മയക്കുമരുന്ന്, പുകയില മറ്റു ലഹരിപദാർത്ഥ ങ്ങൾ എന്നിവയുടെ ഉപയോഗം പുതുതലമുറയുടെ ആരോഗ്യം തകർക്കുന്നുവെന്ന തിരിച്ചറിവ് കുട്ടികൾക്ക് കൊടുക്കുക ലഹരി ഉപയോഗത്തിന്റെ ശാരീരിക - മാനസികാഘാതങ്ങളും അപകടങ്ങളും വ്യക്തമാക്കുന്ന ചിത്രങ്ങൾ, ലഘുകുറിപ്പുകൾ, ദൃശ്യങ്ങൾ എന്നിവ കുട്ടികൾക്ക് കാണിച്ചു കൊടുക്കണം. ഇതിലൂടെ ലഹരി വിരുദ്ധമനോഭാവം കുട്ടികളിൽ സൃഷ്ടിക്കാം. മിതവ്യയശീലത്തിന്റെ പ്രാധാന്യവും പ്രസക്തിയും പ്രായോഗികമാക്കാനുള്ള പ്രവർത്തനങ്ങളുംമറ്റും ലഹരിവിരുദ്ധ ക്ലബ്ബിന്റെയും എക്സൈസിന്റെയും നേതൃത്വത്തിൽ നടത്തിവരുന്നു. റോഡിൽ പാലിക്കേണ്ട നിയമങ്ങൾ, റോഡപകട ങ്ങൾ ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ, പ്രവർത്തനങ്ങൾ എന്നിവക്കും പ്രാധാന്യം നൽകുന്നു

ഭിന്നശേഷി

പൊതുലക്ഷ്യം - ഭിന്നശേഷിയുള്ള കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുക

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം പരിഗണന കൊടുക്കുന്നതിനുവേണ്ടി പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കുന്നതിന് ചിത്രരചന, കല, അഭിനയം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുക്കാനും കുട്ടിക്കവിതകൾ, കടങ്കഥകൾ, ചെറുകഥകൾ, കാർട്ടൂൺ രചനകൾ ഇവക്ക് പ്രാധാന്യം നൽകുന്നു. ഓരേ അക്ഷരം ആവർത്തിക്കുന്ന വാക്കുകളിൽക്കൂടി അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കളെ ബോധവൽക്കരിക്കുകയും കുട്ടികൾക്ക് വേണ്ട വൈദ്യസഹായം കൊടുക്കാനും അവരുടെ IQ test നടത്തി പരിഹാരം കണ്ടെത്താനും ആവശ്യപ്പെടുന്നു. വരും വർഷങ്ങളിൽ കായിക പ്രവർത്തനങ്ങളിലും യോഗാപരിശീലന ത്തിനും കാർഷിക പ്രവർത്തനങ്ങളിലും കൂടുതൽ കഴിവ് നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. സംഘപ്രവർത്തനത്തിൽക്കൂടി കൂടുതൽ കഴിവുറ്റ കുട്ടികൾ ആക്കാനും പരിശ്രമിക്കുന്നു. വീഡിയോ പ്രവർത്തന ത്തിലൂടെ കുട്ടികളെ കൂടുതലായി പഠനത്തിൽ പങ്കുകാരാക്കാനും ശ്രമിക്കുന്നു.

ഉച്ചഭക്ഷണ പദ്ധതി

പൊതുലക്ഷ്യം

കുട്ടികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം ലഭ്യമാക്കുക

ഗുണഭോക്താക്കൾ 5 മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾ

പ്രവർത്തനം

- ഓരോ മാസത്തേക്കും ആവശ്യമായ മെനു തയ്യാറാക്കുന്നു. (കാലാവസ്ഥ, ഭക്ഷ്യവിഭവങ്ങളുടെ ലഭ്യത ഇവ കണക്കിലെടുക്കുന്നു).

- ആഹാരം പോഷക സമൃദ്ധമാക്കുന്നതിന് പയർ, പരിപ്പ്, മുട്ട, പാൽ, കടല, സോയാബീൻ വിഭവങ്ങൾ ഉൾപ്പെടുത്തുന്നു.
- സ്കൂൾ വളപ്പിൽ കൃഷി ചെയ്യുന്ന വിഷരഹിതമായ ഇലക്കറികളും പച്ചക്കറികളും ഉപയോഗിക്കുന്നു.
- ആഴ്ചയിൽ 1 ദിവസം മുട്ട 2 ദിവസം പാൽ ഇവ നല്കുന്നു.
- അധ്യാപകരുടെ സഹകരണത്തോടെ മാസത്തിലൊരിക്കൽ ഫ്രൈഡ്റൈസ് നല്കുന്നു.
- വിശേഷ ദിവസങ്ങളിൽ Non-veg നൽകുന്നു.
- പായസം ഉൾപ്പെടെയുള്ള ഓണ സദ്യ നൽകുന്നു.
- ഭക്ഷണം വിതരണം ചെയ്യുന്നതിനാവശ്യമായ പാത്രം ലഭ്യമാകുന്നു. ഉപയോഗിച്ച പാത്രങ്ങൾ തിളച്ച വെള്ള ത്തിൽ കഴുകി വൃത്തിയാക്കുന്നു.
- ഉച്ചഭക്ഷണത്തിനു മാത്രമായി ക്രമീകരിച്ചിരിക്കുന്ന ഭോജനശാലയിൽ അധ്യാപകരും കുട്ടികളോടൊപ്പം ഭക്ഷണം കഴിക്കുന്നു.
- പാത്രം കഴുകുന്നതിനും വേസ്റ്റ് നിക്ഷേപിക്കുന്നതിനും പ്രത്യേക സംവിധാനങ്ങൾ
- ജൈവാവശിഷ്ടങ്ങൾ Bio-gas plant ൽ നിക്ഷേപിക്കുന്നു.
- പാചകവാതകം ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യുന്നു.
- കുട്ടികൾ ഭക്ഷണം കഴിക്കുന്നു എന്ന് അധ്യാപകർ ഉറപ്പ് വരുത്തുന്നു.
- ഭക്ഷവിതരണത്തിന്റെ ചുമതലയുള്ള അധ്യാപകരുടെയും അനധ്യാപകരുടെയും പൂർണ പങ്കാളിത്തം.
- കൂടുതൽ കുട്ടികളെ ഉച്ചഭക്ഷണ പരിപാടിയിൽ പങ്കെടുപ്പിക്കാൻ ആഴ്ചയിൽ 1 ദിവസമെങ്കിലും Non-veg വിഭവങ്ങൾ കൊടുക്കാൻ ഉദ്ദേശിക്കുന്നു.

പിന്തുണ

അധ്യാപകർ, രക്ഷിതാക്കൾ, അനധ്യാപകർ

ഉപസംഹാരം

പോഷകസമൃദ്ധമായ ആഹാരം നല്കി മെച്ചപ്പെട്ട ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക.

## ലിറ്റിൽ കൈറ്റ്സ്

2017 ആഗസ്റ്റിൽ ഐ ടി @ സ്കൂൾ പ്രൊജക്റ്റ്, കേരള വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഒരു കമ്പനി ആയി മാറി. അന്ന് മുതൽ കൈറ്റ് (Kite-Kerala Infrastructure and Technology for Education ) എന്ന പേരിൽ

അറിയപ്പെടുന്നു.കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്.
ഭാഷാകമ്പ്യൂട്ടിംഗ്, ആനിമേഷൻ, ഹാർഡ്‌വെയർ, ഗ്രാഫിക്സ്, റോബോട്ടിക്സ്, മൊബൈൽ ആപ്പ് നിർമ്മാണം, വെബ്ടിവി, പ്രോഗ്രാമിംഗ്, ഇലക്ട്രോണിക്സ്, സൈബർ സുരക്ഷ, ഇന്റർനെറ്റ് തുടങ്ങിയ മേഖലകളിലാണ് പരിശീലനം പത്താം ക്ലാസിൽ അസൈൻമെന്റ് സമർപ്പിക്കുന്നതോടെ അവരുടെ പ്രവർത്തനങ്ങൾ അവസാനിക്കുന്നു. ഒരു സ്കൂളിൽ കുറഞ്ഞത് ഇരുപത് അംഗങ്ങളും പരമാവധി നാൽപ്പതു പേർക്കുമാണ് അംഗത്വം നൽകുന്നത്. നിലവിൽ സ്കൂളിൽ പത്താം ക്ലാസ്സിൽ 40 കുട്ടികളും ഒൻപതാം ക്ലാസ്സിൽ 40 കുട്ടികളും എട്ടാം ക്ലാസ്സിൽ 41 കുട്ടികളും ലിറ്റിൽ കൈറ്റസിൽ അംഗങ്ങളാണ്.

വർഷവും എട്ടാം ക്ലാസ്സിലെ കുട്ടികളിൽ നടത്തുന്ന ഒരു ഐ ടി അധിഷ്ഠിത പ്രേവശന പരീക്ഷയുടെ അടിസ്ഥാനത്തിൽ ആണ് ലിറ്റിൽ കൈറ്റ് കുട്ടികളെ തിരഞ്ഞെടുക്കുന്നത്.40 കുട്ടികൾക്കാണ് അംഗത്വം നൽകുന്നത്. മാസത്തിൽ നാല് മണിക്കൂർ സ്കൂൾതലത്തിൽ ലിറ്റിൽകൈറ്റ്സ് ക്ലാസുണ്ട്. സ്കൂൾ പ്രവർത്തനങ്ങളെ ബാധികാതെ അവധി ദിവസങ്ങൾ ഉപയോഗപ്പെടുത്താതെ ആണ് പ്രേത്യേക പരിശീലനം നൽകുന്നത്.

അമ്മമാർക്കായി പ്രത്യേക ഏക ദിന കമ്പ്യൂട്ടർ പരിശീലനം ലിറ്റിൽ കൈറ്റ് അംഗങ്ങൾ നൽകുന്നു.
സ്കൂൾ പ്രേവേശനോത്സവം, കലോത്സവം, വാർഷികം up ലാബ് ഉത്ഘാടനം തുടങ്ങി സ്കൂളിലെ എല്ലാ പരിപാടികളിലും ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ സാങ്കേതിക സഹായം ലഭിക്കുന്നുണ്ട്.
കലാ കായിക പ്രവർത്തി പരിചയ മേളകൾക്ക് എല്ലാം ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ സഹായം ഒഴിച്ചു കൂടാത്തതാണ്.
ലിറ്റിൽ കൈറ്റ് അംഗങ്ങൾ സ്കൂളിൽ ഒരു ഷോർട് ഫിലിം നിർമ്മിച്ചു.
ലിറ്റിൽ കൈറ്റ് കുട്ടികൾ സ്കൂളിലെ മറ്റു കുട്ടികൾക്കായി കമ്പ്യൂട്ടർ പരിശീലനം നൽകുന്നുണ്ട്.
'സൈബർ ക്രൈം ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ സംഘടിപ്പിച്ചു. കുട്ടികൾ തന്നെ വിവിധ ഉപവിഷയങ്ങൾ എടുത്ത് ക്ലാസുകൾ എടുത്തു.
ലിറ്റിൽ കൈറ്റ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ എല്ലാ വർഷവും പ്രസീധീകരിക്കാറുണ്ട്.അത് സ്കൂൾ വിക്കിയിൽ എല്ലാ വർഷവും അപ്‌ലോഡ് ചെയ്യാറുണ്ട്
വിവിധ പരിശീലനങ്ങൾ, വിദഗ്ധരുടെ ക്ലാസുകൾ, ക്യാംപുകൾ തുടങ്ങിയവയും ഉണ്ട്.

കലാപഠനം

ആമുഖം

സർഗാത്മകത, നിരീക്ഷണപാടവം, വ്യതിരിക്ത ബുദ്ധി തുടങ്ങിയവ കുട്ടികളിൽ വളർത്താൻ കലാപഠനം അത്യന്താപേക്ഷിതമാണ്. പുതിയപാഠ്യപദ്ധതി സമീപനത്തിൽ പൊതുവിഷയങ്ങൾക്കൊപ്പം പ്രാധാന്യം നൽകി യാണ് കലാപാനത്തെയും കണക്കാക്കുന്നത്. സ്കൂൾ പാഠ്യപദ്ധതിയിൽ കലാപഠനത്തിന് സംഗീതം, നൃത്തം, ചിത്രരചന, ശില്പന, നാടകം, സിനിമ എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ ഇത്തരം മേഖലകളിലുള്ള കഴിവുകൾ തിരിച്ചറിയാനും പുഷ്ടിപ്പെടുത്താനും കഴിയേണ്ടതുണ്ട്.

പൊതുവായ ലക്ഷ്യങ്ങൾ

- പഠിതാവിന്റെ നൈസർഗികമായ കലാവാസന തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.
- വിവിധങ്ങളായ കലകളെ അറിയുന്നതിനും കുട്ടിയുടെ അഭിരുചിക്കനുസരിച്ച് അവ അഭ്യസിക്കുന്നതിനുമുള്ള അവസരങ്ങളൊരുക്കുക.

- വിവിധ കലകൾ ആസ്വദിക്കുന്നതിനും അവയിലെ സൗന്ദര്യാത്മകത ഉൾക്കൊള്ളുന്നതിനും
- ബഹുമുഖ ബുദ്ധിവികാസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്.
- വിഭിന്ന ശേഷിയുള്ള വിദ്യാർഥികളെ പഠനപ്രവർത്തനങ്ങളിൽ തൽപ്പരാക്കുന്നതിന്.
- കുട്ടികളുടെ ആസ്വാദനനിലവാരം ഉയർത്തുന്നതിന്.

പ്രവർത്തനങ്ങൾ

- കലാപഠനത്തിന്റെ ലക്ഷ്യങ്ങളെ നേടിയെടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഈ സ്കൂളിൽ നടന്നുവരുന്നു. സബ്ജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങൾ വരെയുള്ള കലാമത്സരങ്ങളിൽ വിദ്യാർത്ഥിനികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്യുന്നു.

- ഗ്രൂപ്പ് ഇനങ്ങളിലും വ്യക്തിഗത ഇനങ്ങളിലും കുട്ടികൾ പങ്കെടുക്കുന്നുണ്ട്. ചവിട്ടുനാടകം, ബാൻഡ് മേളം,സംഘഗാനം, സംഘനൃത്തം, ഒപ്പന മുതലായ ഇനങ്ങൾക്ക് സബ്ജില്ലാ, ജില്ലാതലങ്ങളിൽ സമ്മാനങ്ങൾ ലഭിച്ചു. ചവിട്ടുനാടകം, ബാന്റ് മേളം, സംഘഗാനം തുടങ്ങിയ ഇനങ്ങൾക്ക് സംസ്ഥാനതല മത്സരത്തിൽ 'A'ഗ്രേഡ് നേടി

- അവധിക്കാല പരിശീലനത്തിന്റെ ഭാഗമായി കലാപഠനത്തോട് താൽപര്യമുള്ള കുട്ടികളെ തിരഞ്ഞെടുത്ത് വിദഗ്ധ അധ്യാപകരുടെ കീഴിൽ പരിശീലനം നൽകി വരുന്നു. ഈ കലാപഠനപ്രവർത്തങ്ങളിലൂടെ കുട്ടി കൾക്ക് അവരവരുടെ നൈസർഗികമായ കലാവാസനകളെ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുന്നതിന് സാധി ക്കുന്നു.

- തുടർന്നുള്ള വർഷങ്ങളിലും പൊതുവിഷയങ്ങളോടൊപ്പം തന്നെ കലാപഠനത്തിനും പ്രാധാന്യം നൽകുകയും കുട്ടികളെ സംസ്ഥാന നിലവാരത്തിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുകയും ചെയ്യുന്നതാണ്.

സ്കൂൾ കലോത്സവം

കുട്ടികൾക്ക് ആടാനും പാടാനും സർഗ്ഗാത്മക സൃഷ്ടിയിലേർപ്പെടാനും സർവ്വ സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്ന - പഠനത്തിന്റെ പിരിമുറുക്കം ഇല്ലാത്ത മൂന്നു ദിവസങ്ങളാണ് സ്കൂൾ കലോത്സവം. ഉല്ലാസത്തിന്റെ പ്രതീതിയുളവാക്കുന്ന വ്യത്യസ്തങ്ങളായ കലകൾ കുട്ടികളുടെ മനസ്സിനെ ആഹ്ലാദപൂരിതമാക്കുന്നു. പാഠപുസ്തകത്തിന് പുറമേയുള്ള പഠനകളരി കൂടിയാണ് ഈ കലാപൂരം. സെന്റ് തെരേസാസിലെ മിടുക്കർ ആരുംതന്നെ ഈ ദിവസങ്ങളിൽ ഹാജരാകാതിരിക്കില്ല. എല്ലാ വർഷവും അധ്യന വർഷത്തിന്റെ ആദ്യ മാസങ്ങളിൽ നടക്കുന്ന ഈ കലാമേളയിൽ പങ്കെടുത്ത കുട്ടികൾ അടുത്ത വർഷത്തെ കലാമേളയ്ക്കായി കാത്തിരിക്കുന്നു. പാരമ്പര്യമായി, ഗ്രൂപ്പുകളായി  ആയി നടത്തി വന്നിരുന്ന കലോത്സവം ഈ വർഷം ഓരോ ക്ലാസും ഓരോ ഹൗസായി നടത്തി എന്നത് ഒരു പ്രത്യേകതയായിരുന്നു. കൂടുതൽ കുട്ടികൾക്ക് മത്സരി ക്കാൻ ഇത് അവസരമൊരുക്കി.

സ്കൂൾ കലോത്സവത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികളെ അടുത്ത തലത്തിൽപങ്കെടുപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശീലനങ്ങൾ നടത്തി വരുന്നു

## TALENT LAB

മേഖല -സർഗ്ഗവാസന, കണ്ടെത്തുക, പ്രോത്സാഹിപ്പിക്കുക

പൊതുലക്ഷ്യം

1) കുട്ടികളിൽ അന്തർലീനമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

2) പഠനത്തിലുപരി കലാപരമായ കഴിവുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.

ഉപലക്ഷ്യം

1) പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലുള്ള മികവ്.

2) കലാരംഗങ്ങളിൽ കഴിവ് തെളിയിക്കുക.

പ്രവർത്തനങ്ങൾ

കുട്ടികളുടെ സർഗ്ഗാത്മക ശേഷി വളർത്തുവാൻ നൂതന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നു. നിലവിലുള്ള പ്രവർത്തനങ്ങളോടൊപ്പം, പുതിയ കുട്ടികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിലവിൽ സ്കൂൾ തലത്തിൽ നിരവധി മത്സരങ്ങൾ നടത്തി അതിൽ വിജയികളായവരെ Sub district ത്തിലേക്കും സബ് ജില്ലയിൽ വിജയിക്കുന്നവരെ ജില്ലാതലത്തിലും ജില്ലാതലത്തിൽ വിജയിക്കുന്നവരെ State തലത്തിൽ മത്സരിപ്പിക്കുകയും'A' grade ലഭിക്കുകയും ചെയ്യുന്നു. തുടർച്ചയായി 37 വർഷവും Bandmelam സംസ്ഥാന തലത്തിൽ മത്സരിക്കുകയും A grade ലഭിക്കുകയും ചെയ്യുന്നു. അദ്ധ്യാപകർ കുട്ടി കൾക്ക് തക്കതായ പരിശീലനം നൽകി പ്രോത്സാഹിപ്പിക്കുന്നു. ഓരോ മാസവും കലയിൽ പ്രാവീണ്യ മുള്ളവരെ കണ്ടെത്തുന്നു. പ്രോത്സാഹിപ്പിക്കുന്നു.

**Long Term**

1) Talent 2) Talent Lab3) Documentary4) Short film5) Drama

**Mid term**

1) Dance 2) Song 3) Acting

**Short term**

1) Recitation Competition

2) Speech Competition

3) Drawing, Cartoon Competition

4) Quiz Competition

5) Writing (Short story, Essay, Poem)

ഉപസംഹാരം

തുടർച്ചയായി നടക്കുന്ന പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സർഗാത്മകമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ സാധിക്കുന്നു

## HELLO ENGLISH

മേഖല - ഇംഗ്ലീഷ് ഭാഷ

പൊതുലക്ഷ്യം

> കുട്ടികളെ English ഭാഷ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക
>English ഭാഷായോട് ആഭിമുഖ്യം വർദ്ധിപ്പിക്കുക.

പ്രവർത്തനങ്ങൾ

English ഭാഷ രസകരമായി കുട്ടികൾക്ക് അനുഭവപ്പെടുവാൻ കളികളിലൂടെയും പദപ്രശ്നത്തിലൂടേയും ലളിതമായി സംസാരിക്കുവാനും എഴുതുവാനും പഠിപ്പിക്കുക. അതിനായി ക്ലാസ്സ് റൂമിൽ തന്നെ കുട്ടികളെ ഗ്രൂപ്പായി തിരിച്ച് അവർക്ക് കൂടുതൽ അവസരങ്ങൾ ക്ലാസ്സ്റൂമിൽ തന്നെ സൃഷ്ടിക്കുക.

SKIT ROLEPLAY, DEBATE, CHATSHOW, INTERVIEW, SPEECH, ROUND TABLE CONFERENCE, CHO REOGRAPHY ഗാഠ Speaking skill develop waja (ded پادانه

Long Term

- Drama theatre and script Writing
-Cinema & Documentary
-Young talent and news reading
- Language Lab

Mid term

- Story time (Listerning)
-Writing (Simple grammer items)

Short term

- Reading time
-Choreography
- Recitation and speech Competetion

ഉപസംഹാരം

English ഭാഷയോട് ആഭിമുഖ്യം വർദ്ധിപ്പിക്കുവാൻ നിലവിലുള്ള കർമ്മപരിപാടികൾ വിപുലീകരിക്കുവാനും കൂടുതൽ പരിപാടികൾ ആവിഷ്കരിക്കുന്നതു വഴിയായി കുട്ടികൾ English നന്നായി കൈകാര്യം ചെയ്യു

**Enhancement of English Learning**

To create an English atmosphere in the schol we are giving opportunity to our students to conduct English Assembly, News reading, Quiz, Display of posters, Slogans, Skits, Role plays and Panel disscussions in the school. For enrich in English we have given theme based collection work and easy English Programmes.

unit speaking and writing activity (oral and written activity) is encouraged. We are giving special coaching to students who are backward in studies Evening classes. Morn ing classes are arranged for average, above average and below average students sepa rately Grammar classes will be specially arranged. Some keywords, proper activities are encourage to increase their learning level. We could understand that more importance should be given to written part

# Hindi

മേഖല ഹിന്ദി

ലക്ഷ്യം -ഹിന്ദി മനസ്സിലാക്കുന്നതിനും എഴുതുന്നതിനുമുള്ള കഴിവ് ആർജ്ജിക്കുന്നു.

ഉപലക്ഷ്യം
-നിരീക്ഷണം
-ആശയം പ്രകടിപ്പിക്കൽ
-ഹിന്ദിയെ അടുത്തറിയുക
- നിരീക്ഷണം

പ്രവർത്തനങ്ങൾ

1. ഹിന്ദി ഭാഷ ഉപയോഗിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി അക്ഷരങ്ങളും, ചിഹ്നങ്ങളും, കുട്ടികളിൽ ഉറപ്പിക്കുന്നു. ക്ലാസിലെ സമർത്ഥമായ കുട്ടികൾ, പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി ചുമതലപ്പെടുത്തുന്നു. ഇതുവഴി ഭാഷയിലുള്ള അഭിരുചി വർദ്ധിക്കുന്നു.

1. വാർത്തകൾ കേൾക്കുന്നിനും കവിത കഥ, ഉപന്യാസം എന്നിവ രചിക്കുന്നതിനും, വായിക്കുന്നതിനും കൂടുതൽ അവസരങ്ങൾ കൊടുക്കുന്നു. ലൈബ്രറിയിൽ നിന്നും കൂടുതൽ പുസ്തകങ്ങൾ കുട്ടികൾക്ക് വായനയ്ക്കായി നൽകുന്നു. നിരീക്ഷണത്തിനും, എഴുത്തിലുമുള്ള മികവ് വർദ്ധിക്കുന്നു.

3. പാഠ്യപുസ്തകത്തെ അടിസ്ഥാനമാക്കികൊണ്ട് തിരക്കഥ എഴുതുന്നതിനും കവിതയുടെ ഓഡിയോ കേൾക്കുന്നതിനും വീഡിയോകാണുന്നതിനുള്ള അവസരം ഒരുക്കുന്നു. Std 7, 8,9 class നെ അടിസ്ഥാനമാക്കി നാടക അവതരണ ത്തിനുള്ള അവസരം നൽകുന്നു. അവതരണത്തിനുള്ള കഴിവ്, ഭാഷാഭിരുചി എന്നിവ വർദ്ധിക്കാനുള്ള അവസരം കൊടുക്കുന്നു.

4. ഹിന്ദി എഴുതുന്നതിനും വായിക്കുന്നതിനും ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് ഹിന്ദി എഡിറ്റിംഗി നുള്ള അവസരം നൽകുന്നതു വഴി ഭാഷയിലുള്ള കഴിവ് വർദ്ധിപ്പിക്കുന്നു.

5. ആഴ്ചയിൽ ഒരുദിവസം ഹിന്ദിക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് വാർത്തകൾ കേൾക്കുന്നതിനും, ഭാഷ മനസ്സിലാകുന്നതിനും വേണ്ടി ഹിന്ദിയിൽ അസംബ്ലി നടത്തുന്നു.

6. ഓഫീസ്, സ്കൂൾ സംബന്ധിച്ചുള്ള വാക്കുകൾ ഹിന്ദിയിലും, മലയാളത്തിലും, നോട്ടീസ് ബോർഡിൽ പ്രകാശിപ്പിക്കുന്നു. ഹിന്ദി കാണുന്നതിനും മനസ്സിലാക്കുന്നതിനും ഉള്ള അവസരം നൽകുന്നു.

7. സുരലി ഹിന്ദിയുടെ ആഭിമുഖ്യത്തിൽ വിവിധ പ്രദർശനങ്ങളും കലാപരിപാടികളും കുട്ടികൾ നടത്തുന്നു

8 .ഹിന്ദി ദിനാചരണത്തെ അടിസ്ഥാനമാക്കി സെപ്റ്റംബർ മാസത്തിൽ വസന്ത് എന്ന പേരിൽ ക്ലബ് ആരംഭിക്കുന്നു. കുട്ടികളെ ഗ്രൂപ്പായി തിരിക്കുന്നു. ഒരു ലീഡറിനെ തിരഞ്ഞെടുക്കുന്നു. ലീഡറിന്റെ നേതൃസ ത്തിൽ കവിത. പ്രസംഗം, ഉപന്യാസം, ക്വിസ് എന്നിവ നടത്താനുള്ള അവസരം കൊടുക്കുന്നു. സ്റ്റേജില് അവതരിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു. കുട്ടികൾക്ക് അഭിപ്രായം പ്രകടിപ്പിക്കാനും, ആശയം പ്രക ടിപ്പിക്കാനും ഉള്ള അവസരം കൊടുക്കുന്നു.

## SOCIAL SCIENCE

സെമിനാർ
പ്രോജക്ട്
ഗ്രൂപ്പ് ചർച്ച(Group Discussion)
സംവാദം(Debate)
അഭിമുഖം (Interview)
ഫീൽഡ് ട്രിപ്പ് (Field Trip)
ബുള്ളറ്റിൻ ബോർഡ്
ആൽബം തയ്യാറാക്കൽ
മാഗസിനുകൾ, ചുമർ പത്രികകൾ, പതിപ്പുകൾ
ഭൂപട നിർമ്മാണം
ഭൂപട വിശകലനം

സാമൂഹ്യശാസ്ത്ര ലാബ്.

ഭൂപടങ്ങൾ, ചാർട്ടുകൾ ,പട്ടികകൾ ഗ്രാഫുകൾ,ചിത്രങ്ങൾ,ഉദ്ധരണികൾ ,ഗ്ലോബുകൾ,മോഡലുകൾ
നാണയശേഖരണങ്ങൾ
ചരിത്രശേഷിപ്പുകൾ
സ്പെസിമെനുകൾ

സാമൂഹ്യശാസ്ത്ര ക്ലബ്

ദിനാചരണങ്ങൾ

പ്രദർശനങ്ങൾ

മത്സരങ്ങൾ

അഭിമുഖങ്ങൾ/ചർച്ചകൾ
അവസ്ഥാ വിശകലനം
പാഠഭാഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കുട്ടികളിൽ നിന്നും ലഭ്യമായ പ്രതികരണങ്ങളിൽ നിന്നും വിവരശേഖരണത്തിനും ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും കൂടുതൽ അറിവ് ലഭ്യമാകുന്നതിനും പാഠപുസ്തകങ്ങൾ അപര്യാപ്തമാണെന്ന് മനസ്സിലാക്കി.

പ്രതീക്ഷിത നേട്ടങ്ങൾ

. സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കുക.
.സാമൂഹ്യമൂല്യങ്ങൾ വളർത്തുക.
. പ്രകൃതിവിഭാഗങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുക.
.സാമൂഹിക ആശയങ്ങൾ ഉൾക്കൊണ്ട് നല്ല പൗരന്മാരായി വളരുക.
.കുട്ടികൾ അവരുടെ പ്രദേശങ്ങളെ പറ്റി കൂടുതൽ മനസ്സിലാക്കുക.
.രാജ്യത്തെ പറ്റി കൂടുതൽ മനസ്സിലാക്കുക.

# SCIENCE

ശാസ്ത്രവിഷയങ്ങളിൽ കുട്ടികൾക്ക് അറിവ് വർദ്ധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, കുട്ടിക ളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ കൂടുതൽ പ്രവർത്തനങ്ങളിലൂടെ കുട്ടികൾ ജീവിതശൈലീരോഗങ്ങൾ തിരിച്ചറിയുകയും രോഗപ്രതിരോധത്തിനുതകുന്ന ജീവിതശൈലി സ്വീകരിക്കുന്നതിന് പ്രാപ്തരാകുകയും ചെയ്യുന്നു. വിവിധ സാന്ത്വനപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ പ്രാപ്തരാകുന്നു

## SCIENCE CLUB

സയൻസ് ക്ലബ്ബ് വിദ്യാർത്ഥികൾക്ക് അവരുടെ ശാസ്ത്രീയ താൽപ്പര്യം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ശാസ്ത്ര വൈദഗ്ധ്യം തിരിച്ചറിയുന്നതിനും ശാസ്ത്ര പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള അവരുടെ അന്വേഷണം നിറവേറ്റുന്നതിനുമുള്ള വേദിയാണ്. വിദ്യാർത്ഥികൾക്ക് ശാസ്ത്ര മേഖലയിൽ അറിവും നൈപുണ്യവും വളർത്തിയെടുക്കുന്നതിനായി സെമിനാറുകൾ, ശിൽപശാലകൾ, എക്സിബിഷൻ, ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാൻ ക്ലബ്ബ് ലക്ഷ്യമിടുന്നു.

കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന ക്ലബ്ബാണ് സയൻസ് ക്ലബ്ബ്. ശാസ്ത്ര സംബന്ധിയായ ദിനാചരണങ്ങൾ, എക്സിബിഷൻ, പരീക്ഷണങ്ങൾ, നിർമ്മാണങ്ങൾ, മത്സരങ്ങൾ തുടങ്ങി പ്രവർത്തനങ്ങൾ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു

ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കാൻ.

വിദ്യാർത്ഥികൾക്കിടയിൽ സൃഷ്ടിപരവും പര്യവേക്ഷണപരവും കണ്ടുപിടിത്തപരവുമായ ആശയങ്ങൾ വികസിപ്പിക്കുന്നതിനുള്ള അവസരം നൽകുക.
പ്രശ്നപരിഹാരത്തിന്റെ ശാസ്ത്രീയ രീതിയിലുള്ള പരിശീലനം വികസിപ്പിക്കുക
വിവിധ ശാസ്ത്രശാഖകളുമായി ബന്ധപ്പെട്ട വിജ്ഞാനത്തിന്റെ പ്രായോഗിക പ്രയോഗങ്ങളിൽ വിദ്യാർത്ഥികളും താൽപ്പര്യവും പങ്കാളിത്തവും വികസിപ്പിക്കുന്നതിന്.

പ്രവർത്തനം

**1.** പരീക്ഷണം **-** വൈദ്യുതകാന്തികപ്രേരണം

പത്താം ക്ലാസ് ഊർജതന്ത്ര പാഠഭാഗമായ വൈദ്യുത കാന്തികപ്രേരണത്തെ ആസ്പദമാക്കി പരീക്ഷണം സംഘടിപ്പിച്ചു. കാന്തവും സോളിനോയിഡും ഉപയോഗിച്ച് വൈദ്യുതി നിർമ്മിക്കുന്നവിധംകുട്ടികൾ അവതരിപ്പിക്കുകയും വൈദ്യുദോത്പാദനം സുഗമമായും ചിലവുകുറച്ചും നടത്തുന്നതിനെപ്പറ്റി കുട്ടികൾക്ക് ക്ലാസ് നൽകുകയും ചെയ്തു. സ്കൂളിലേക്ക് കടന്നുവന്ന ബി എഡ് ട്രെയിനികളെയും അധ്യാപകരെയും ഈ പരീക്ഷണം വളരേയേറെ സ്വാധീനിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ഈ രീതിയിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക വർഷങ്ങൾക്കുശേഷവും കുട്ടികളിൽ ഈ രീതിയിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ പ്രചോദനം നൽകുക ചെയ്യുന്നു

**2.** പരീക്ഷണം **-** പ്രകാശപ്രകീർണനം

10-ാം ക്ലാസ് ഊർജതന്ത്രത്തിലെ പ്രധാന വിഭാഗമായ പ്രകാശപ്രകീർത്തനത്തെ ആസ്പദമാക്കി പരീക്ഷണം അവതരിപ്പിച്ചു .സൂര്യപ്രകാശം പ്രിസത്തിലൂടെ കടത്തിവിട്ട് സ്ക്രീനിൽ പതിപ്പിച്ച് പ്രകാശപ്രകീർത്തനം കുട്ടികൾ അവതരിപ്പിച്ചു. IX-യിലെ കുട്ടികൾ VIII-ലെ കുട്ടികൾക്കായി ഈ പരീക്ഷണംഅവതരിപ്പി ക്കുകയും പ്രകാശപ്രകീർണനമെന്ന പ്രക്രിയ കുട്ടികൾക്ക് വിശദമാക്കികൊടുക്കുകയും ചെയ്തു. ഈ പരി ക്ഷണം കുട്ടികളിൽ കൗതുകം ജനിപ്പിച്ച ഒന്നായിരുന്നു. വരുംവർഷങ്ങളിൽ പ്രകാശ പ്രകീർത്തനമെന്ന പ്രക്രീയയിലൂടെ നിർമ്മിക്കാവുന്ന കൗതുകവസ്തുക്കളും ഉപകരണങ്ങളും നിർമ്മിക്കുന്നതിന് കുട്ടികൾക്ക് പ്രചോ ദനം നൽകുകയും ചെയ്തു. ഇതിനായി തീരുമാനമെടുത്തു.

**3.** പരീക്ഷണം **-** വൈദ്യുതലേപനം

വൈദ്യുതലേപനങ്ങൾ എന്ന പ്രക്രിയയിലൂടെ ഇരുമ്പു വളയിൽ ചെമ്പുപൂശുന്ന പ്രവർത്തനം IX class ലെ കുട്ടികൾVIII ൽ അവതരിപ്പിച്ചു. ആഭരണ നിർമ്മാണവും, ഊർജതന്ത്രവും, രസതന്ത്രവുംഎന്ന വിഷയത്തെ പ്പറ്റി കുട്ടികൾക്ക് വ്യക്തമായ ധാരണ ലഭിക്കുകയും IX-ലെ കുട്ടികൾ ഈ വിഷയത്തെപ്പറ്റി ക്ലാസ് നടത്തുകയും ചെയ്തു

വരും വർഷങ്ങളിൽ വൈദ്യുതലേപനത്തിലൂടെ ആഭരണം നിർമ്മിക്കുന്നതിനും. മറ്റ് ഉപകരണങ്ങൾ നിർമ്മി ക്കുന്നതിനും തീരുമാനം എടുക്കുകയും അതിനായി കുട്ടികൾക്ക് പ്രചോദനം നൽകുകയും ചെയ്തു.

**4.** ജീവിതശൈലീരോഗങ്ങൾ

ജീവിതശൈലീരോഗങ്ങളായ പ്രമേഹം, ഹൃദയാഘാതം, തളർച്ച, ശ്വാസകോശാർബുദം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും അവയിലേക്കു നയിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കു ന്നതിനുള്ള മനോഭാവം രൂപപ്പെടുത്തുന്നതിനുമായി ഒരു സെമിനാർ സംഘടിപ്പിക്കുന്നു. തുടർന്നുള്ള ജീവി തത്തിൽ നല്ല ജീവിതശൈലി നയിക്കാൻ പ്രചോദനം നൽകുകയും ചെയ്യുന്നു. വരുംവർഷങ്ങളിൽ ഈ പ്രവർത്തനം

നടത്തുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനും പ്രചോദനം നൽകുകയും അതിനായി തീരുമാനമെടുക്കുകയും ചെയ്തു.

**5.** ശാസ്ത്രമാഗസിൻ

ശാസ്ത്രലോകത്തെ പുതിയ അറിവുകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായും ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട വസ്തുതകളെക്കുറിച്ച് കൂടുതൽ അറിവ് നൽകുന്നതിനായും 'ശാസ്ത്രദീപിക' എന്ന പേരിൽ ശാസ്ത്രത്തിന്റെ നാഴിക കല്ലുകൾ ആയ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുന്നതിനും അവരുടെ സംഭാവനകൾ കണ്ടെത്തി പ്രസിദ്ധീകരിക്കുകയും തുടർന്നുള്ള വർഷങ്ങളിൽ ഇത് തുടരാനും തീരുമാനമെടുക്കുകയും ചെയ്തു. ഈ പ്രവർത്തനത്തിലൂടെ ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽ കുട്ടികളെ കൂടുതൽ അറിവുള്ളവരാക്ക്കുകയും ചെയ്യും

**6.** പ്രൊജക്റ്റ്

സമകാലിക സമൂഹത്തെ കാർന്നുതിന്നുന്ന മഴക്കാല രോഗങ്ങളെയും എയ്ഡ്സ് പോലെയുള്ള മാരക രോഗങ്ങളെയും ആസ്പദമാക്കി ഒരു പ്രൊജക്റ്റ് അവതരിപ്പിച്ചു. തുടർന്ന് ഈ വിഷയത്തെപ്പറ്റി കൂടുതൽ അറിവ് മറ്റുള്ളവർക്ക് നൽകാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്തു. വരുംവർഷങ്ങളിൽ ഈ പ്രവർത്തനം നടത്തുന്നതിനായി തീരുമാനമെടുക്കുകയും ചെയ്തു.

അധ്യാപകർ, മാതാപിതാക്കൾ, പി.റ്റി.എ. പൂർവവിദ്യാർഥികൾ, വിദ്യാർഥികൾ തുടങ്ങിയവരുടെ പിന്തുണയോടെയാണ് ഈ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ തീരുമാനിച്ചു

ഉപസംഹാരം

കുട്ടികളിൽ ശാസ്ത്രമേഖലയുടെ വികസനത്തിനായി നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ വരുംവർഷങ്ങ ളിൽ നടപ്പിലാക്കുന്നതായിരിക്കും. വളരെയേറെ പരിശീലനം ലഭിച്ച കുട്ടികളിലൂടെ രാജ്യത്തിനുതന്നെ വളരെ വലിയസംഭാവനകൾ നൽകാൻ ഈ പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു. ശാസ്ത്രമേഖലയുടെ വളർച്ചയ്ക്കും രാജ്യത്തിന്റെ പുരോഗമനത്തിനുമായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ സമൂഹത്തിനുതന്നെ വലിയ മുതൽക്കൂട്ടാകുന്നു.

## Eco Club

സാമൂഹിക- പാരിസ്ഥിതിക വിഷയങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന ക്ലബ്ബാണ് നേച്ചർ ക്ലബ്ബ്. ദിനാചരണങ്ങൾ, മത്സരങ്ങൾ, സാമൂഹിക പ്രവർത്തനങ്ങൾ, സേവനങ്ങൾ എന്നിവ ക്ലബ്ബിന്റെ ഭാഗമായി നടത്തിവരുന്നു.

### യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം - **YIP** ശാസ്ത്രപഥം

ഹൈസ്കൂൾ,ഹയർസെക്കണ്ടറി, വി എച് എസ്സ് സിവിദ്യാർത്ഥികൾക്ക് അവരുടെ നൂതനആശയങ്ങൾ വികസിപ്പിക്കാനും പ്രവർത്തികമാക്കുവാനും ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകാൻ പൊതുവിദ്യാഭ്യസ വകുപ്പ് നടപ്പിലാക്കുന്ന പരിപാടിയാണ് യങ്. ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം - ശാസ്ത്രപഥം.

സെൻറ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂൾ എച്ച് എസ് വിഭാഗം കഴിഞ്ഞ മൂന്നു വർഷമായി Yip യിൽനേട്ടങ്ങ ൾ കൈവരിക്കുന്നു 2022-2023വർഷങ്ങളിൽ 3 teamസബ്ജില്ലാതലത്തിൽനിന്ന്

തിരഞ്ഞെടുക്കുകയും അതിൽ 1 team, State Level ൽപങ്കെടുക്കുകയും ചെയ്തു. 2023 - 24അധ്യയന വർഷം ഒരു ടീം സബ് ജില്ലയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 2024-25വർഷത്തിൽ പുതിയ നൂതന ആശയങ്ങൾ സമർപ്പിച്ചു കൊണ്ടിരിക്കുന്നു

## ഇൻസ്പയർ അവാർഡ് മനക്ക്

ദേശീയതലത്തിൽ ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനുംഅവരെ പരിപോഷിപ്പിക്കുന്നതിനും വേണ്ടി ശാസ്ത്ര മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഇൻസ്പെയർ അവാർഡ് മണക്ക് .സെൻറ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂളിലെ 6 മുതൽ 10 വരെയുള്ള ക്ലാസുകളിൽ ആയി 5 ആശയങ്ങൾ വർഷംതോറും സമർപ്പിക്കുന്നു. 2022-23ൽരണ്ടു കുട്ടികളും
2023-24 ൽരണ്ടു കുട്ടികളും ഈ അവാർഡിന് അർഹരായി.ഈ അധ്യായന വർഷത്തിലെ നൂതന ആശയങ്ങൾസമർപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു

## Mathematics

പൊതുലക്ഷ്യം

നിത്യജീവിതത്തിൽ ആവശ്യമായ ക്രിയകൾ, അംശബന്ധങ്ങളുടെ തിരിച്ചറിയൻ, ശതമാനം, വിവിധതരം അളവുകൾ, പലിശ തുടങ്ങിയ കണക്കുകൂട്ടലുകൾ മനസ്സിലാക്കുന്നു. യുക്തിപര മായി ചിന്തിക്കാനുള്ള കഴിവ് വർധിപ്പിക്കുന്നു.

പ്രവർത്തനങ്ങൾ **(6 Months)**

- 8,9,10 ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കൽ.

ഉദാ: 9-ാം ക്ലാസിലെ അംശബന്ധവുമായി ബന്ധപ്പെട്ട പലഹാരങ്ങൾ ഉണ്ടാക്കുന്നതിലൂടെ അംശബന്ധ മെന്ന് ആശയം തിരിച്ചറിയുന്നു. കുട്ടിയുടെ അഭിരുചികൾ, കഴിവുകൾ, പാചകകല ഇവ വർധിക്കുന്നു. വിവിധ രൂപങ്ങൾ തിരിച്ചറിയുന്നതിനുതകുന്ന ഉത്പന്നങ്ങൾ പ്രദർശനം നടത്തുന്നു.

ഉദാ. വൃത്തം, ഗോളം, സ്തൂപികകൾ, സ്തംഭങ്ങൾ, ചതുരം, സമചതുരം, ഏകകേന്ദ്രവൃത്തങ്ങൾ mod els charts നിത്യജീവിതത്തിൽ കാണുന്ന രൂപങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു.

- ഗണിതകവിതകൾ, കുസൃതിക്കണക്കുകൾ ഇവ അവതരിപ്പിക്കൽ.

- ഗണിത ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ. അതുമായി ബന്ധപ്പെട്ട puzzles അവതരണം.
- ആനുകാലിക വിഷയങ്ങളെപ്പറ്റിയുള്ള പ്ലാൻ

മധ്യകാല പ്രവർത്തനം

ഗണിതമധുര പദ്ധതിയിൽ കണക്കിലെ കളികൾ, പ്രശ്നോത്തരി, Number patterns, Seminars തുടങ്ങിയ നിലൂടെ ഗണിതത്തിൽ താൽപ്പര്യം ജനിപ്പിക്കുന്നു.

Maths fair- മത്സരങ്ങളിലെ വിവിധ ഇനങ്ങളിൽ പങ്കെടുപ്പിച്ച് സബ്ജില്ല, ജില്ല, സംസ്ഥാന തലങ്ങ ളിൽ വിജയം നേടുന്നു. തുടർന്നും കൂടുതൽ മികവ് നേടാൻ ശ്രമിക്കും. "ഗണിതം പ്രകൃതിയിൽ" സെമിനാർ അവതരിപ്പിക്കുന്നു

## മലയാളത്തിളക്കം

പൊതുലക്ഷ്യം

--ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കാൻ.

പ്രവർത്തനം

* 5,6,7 ക്ലാസുകളിൽ ഭാഷാപരമായി നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കാവശ്യമായ പ്രത്യേക പരിശീലനം നൽകുന്നു.

*6 ദിവസം (30 മണിക്കൂർ) തുടർച്ചയായി ക്ലാസെടുക്കുന്നു. തുടർന്ന് എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെയും വൈകുന്നേരവും പ്രത്യേക പരിശീലനം നൽകുന്നു.

*ക്ലാസ് ആകർഷകമാക്കാൻ വേണ്ടി വീഡിയോ പ്രദർശനം നടത്തുന്നു. രൂപപ്പെട്ട ആശയങ്ങൾ കുറിപ്പു കളാക്കുന്നു. കുട്ടികൾ സ്വയം വിലയിരുത്തുന്നു.

* ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കാൻ വേണ്ടി ചിത്രങ്ങളോടു കൂടിയ ചെറിയ പുസ്തകങ്ങൾ നൽകി വായന പ്രോത്സാഹിപ്പിക്കുന്നു.

* വായനാകാർഡു നൽകി വായിപ്പിക്കുന്നു.

*ദൈനം ദിന പത്രവായന ക്ലാസ്മുറിയിൽ നടത്തപ്പെടുന്നു.

* ലൈബ്രറിയിൽ നിന്നുള്ള പുസ്തക വായന പ്രോത്സാഹിപ്പിക്കൽ.

*കഥ പുസ്തകങ്ങൾ, ബാലരമ, കുട്ടികളുടെ ദീപിക, കളിക്കുടുക്ക ഇവ വായിക്കാൻ പ്രോത്സാഹിപ്പി ക്കുന്നു.

*അക്ഷരങ്ങൾ, ചിഹ്നങ്ങൾ, കൂട്ടക്ഷരങ്ങൾ, ചില്ലുകൾ ഇവയുടെ ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു.

ചാർട്ടിൽ വാക്കുകൾ എഴുതിക്കുന്നു.

*വാക്കുകൾ വാക്യങ്ങളായി എഴുതിക്കുന്നു

*ചിത്രങ്ങളെ അടിസ്ഥാനമാക്കി ലഘുകഥ, കവിത, ചിത്രകഥ ഇവ രൂപപ്പെടുത്തുന്നു.

*സ്വന്തം കഥ/കവിത/വിവരണം തയ്യാറാക്കൽ.

"കുട്ടികൾ രചിച്ച കവിതയുടെ ആസ്വാദനം തയ്യാറാക്കൽ.

*പത്രത്തിലെ മഹദ് വചനങ്ങൾ/ പ്രധാന വാർത്തകൾ എന്നിവ എഴുതിക്കൊണ്ടു വന്ന് ക്ലാസിൽ അവത രിപ്പിക്കൽ.

*ED കുട്ടികളെ ഉൾപ്പെടുത്തി അവർക്കാവശ്യമായ പ്രോത്സാഹനം നൽകുന്നു.

*അമ്മ വായന പ്രോത്സാഹിപ്പിക്കുന്നു.

*തുടർ പ്രവർത്തനങ്ങൾ നൽകുന്നു

പണം കണ്ടെത്തൽ

കലാരൂപങ്ങളുടെ പ്രദർശനത്തിനാവശ്യമായ പണം PTA, വിദ്യാലയവുമായി ബന്ധപ്പെട്ട അഭ്യുദയകാം. ക്ഷികൾ എന്നിവരിൽ നിന്നും സ്വീകരിക്കുന്നു

PTA യിൽ കുട്ടിയുടെ മികവ് / പോരായ്മകൾ മനസ്സിലാക്കി കുട്ടിയെ സഹായിക്കാൻ രക്ഷിതാക്കളെ പ്രാപ്തരാക്കുന്നു.

പ്രവർത്തനത്തിനു വേണ്ട സാധനങ്ങൾ

Projector, Laptop ചിത്രകഥാ പുസ്തകങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, ബാലമാസികകൾ, പത്രങ്ങൾ, , Sketch Pen, Marker Pen, Cellotap, Blade, gum, Stapler, Scissors.

പിന്തുണാ സംവിധാനം -
പൂർവ വിദ്യാർത്ഥികൾ, അദ്ധ്യാപകർ

# IT

പൊതുലക്ഷ്യം

IT പ്രവർത്തനത്തിലൂടെ കുട്ടികളുടെ പലതരം കഴിവുകളെ കണ്ടെത്തി അവരുടെ ഗവേഷണ, പരീക്ഷണ പാടവങ്ങളിലൂടെ വളർത്തിയെടുക്കുന്നു. അതിനായി പലതരം പരിശീലനം 8, 9, 10 ക്ലാസുകളിലായി കുട്ടി കൾക്ക് ലാബിൽ സജ്ജീകരിച്ചു കൊടുക്കുന്നു.

- Language Typing (Mal, Eng, Hindi)
- Computer aro (C++, Java, Phythen. C)
- Drawing (Gimp, Xpaint, Libra Office Drawing)

Amoeba Biology sub കളിലെ ചിത്രം വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തൽ....

- Pythen ഉപയോഗിച്ച് patterns

- Geogebra ഉപയോഗിച്ച് അളവുകളും, കോണകളും ഉള്ള ബഹുഭുജ നിർമ്മിതി
- Web designing
- Programme (HTML, Pythen,)
- Net work
- Blog നിർമ്മാണം
- Map Reading (Qgis, Sunclock, Libre Office Impress...)
- Publishing (Heading Style, Paragraph Style, Colouring...)
- Printing

പ്രവർത്തനത്തിനു വേണ്ട സാധനങ്ങൾ

Projector, Laptop ചിത്രകഥാ പുസ്തകങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, ബാലമാസികകൾ, പത്രങ്ങൾ, , Sketch Pen, Marker Pen, Cellotap, Blade, gum, Stapler, Scissors.

പിന്തുണാ സംവിധാനം -
MLA, MPഫണ്ട്, PTA ഫണ്ട്, പൂർവ വിദ്യാർത്ഥികൾ, അദ്ധ്യാപകർ

ദീർഘകാല പ്രവർത്തനം ( 5 years)

ICT യുടെ സഹായത്താൽ 8,9,10 ക്ലാസുകളിൽ geometry അവതരിപ്പിക്കുന്നു. Geogebra യുടെ സഹായ ത്താൽ കൂടുതൽ ഉദാഹരണങ്ങളിലൂടെ കടന്നുപോകാം ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂം ആകുന്നതോടെ ICT സാധ്യത കൂടുന്നു. കോണകൾ. ഡിഗ്രീ അളവുകൾ എന്നിവ അളക്കുന്നതിലൂടെ 10-ാം ക്ലാസിലെ 'വൃത്തങ്ങൾ' എന്ന അദ്ധ്യായത്തിലെ പല നിയരങ്ങളും ഉദാഹണങ്ങളിലൂടെ മനസ്സിലാക്കാൻ സാധിക്കും

## ജൂണിയർ റെഡ്ക്രോസ് JRC

സെന്റ് തെരേസാസ് ബധാനി കോൺവെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ JRC യുടെ പ്രവർത്തനം വിപു മമായി നടക്കുന്നു. ABC Level-ൽ 59 കുട്ടികൾ ഈ സംഘടനയിലുണ്ട്. സ്കൂളിന്റെ പുരോഗതിയിൽ കർമോ സുകരായി കേഡറ്റുകൾ പ്രവർത്തിക്കുന്നു.

കുട്ടികൾക്ക് സുരക്ഷ ഉറപ്പാക്കി അദ്ധ്യാപകരുടെ സേവനം

സ്കൂളിൽ പഠിക്കുന്ന ബസ്സിൽ യാത്ര ചെയ്യുന്ന എല്ലാ കുട്ടികളുടെയും സുരക്ഷ ഉറപ്പിക്കുന്നതിനായി. അദ്ധ്യാപകരുടെ സേവനം. എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ തിരക്കുമില്ലാതെ കുട്ടികളെ, അതാതി ബസ്സുകളിൽ കയറ്റി

ബസ്സുകളിൽ കയറുവാനുള്ള ആകുലത ഒഴിവാക്കുവാൻ സഹായിക്കുന്നു. തിരക്കുകൾ ദിനംപ്രതി ഏറുന്ന ഈ കാലഘട്ടത്തിൽ തങ്ങളുടെ കുഞ്ഞുങ്ങളുടെ സുരക്ഷ ഉറപ്പാക്കിയുള്ള അദ്ധ്യാപക രുടെ മാതൃക സ്തുത്യർഹമാണ്.

## ഗൈഡിംഗ്

മാറ്റത്തിന്റെ പാതയിൽ മാർഗദർശിയായി പ്രസരിപ്പോടെ ഗൈഡിങ്ങ് പ്രസ്ഥാനം

ഈശ്വരനോടുള്ള കടമ, മറ്റുള്ളവരോടുള്ള കടമ, സഹപൗരന്മാരുടെ അന്തസ്സിനെയും, ലോകത്തിന്റെ സുസ്ഥിതിയെയും അംഗീകരിച്ചുകൊണ്ട് സാമൂഹിക വികസനത്തിന് പങ്കാളിത്തം നൽകുന്നതിന് ഓരോ വ്യക്തിയെയും ഗൈഡിങ്ങ് പ്രസ്ഥാനം സ്വാഗതം ചെയ്യുന്നു.. Be prepared എന്ന ആപ്തവാക്യം ജീവിത ത്തിൽ സ്വാംശീകരിച്ചുകൊണ്ട് സമൂഹ നന്മയിൽ വളരുന്നതിന് കുട്ടികളെ ഈ പ്രസ്ഥാനം സജ്ജമാക്കുന്നു.

സെന്റ് തെരേസാസ് സ്കൂളിന്റെ ആരംഭ ഘട്ടത്തിൽ തന്നെ പ്രവർത്തനം തുടങ്ങിയ സംഘടനയാണിത്. പെൺകുട്ടികളിൽ പൗരബോധം, ഈശ്വരവിശ്വാസം, നേതൃത്വശേഷി, സേവന തത്പരത എന്നീ ഗുണങ്ങൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ, ഈ സംഘടനയുടെ പ്രവർത്തനങ്ങൾ വികസിതമാകുന്നു. D saster Management Class, Grow of maintain a vegetable garden, Foundation day celebration, Hike, Camp Health, ഹരിതകേരളം, ഓഖി ദുരിതാശ്വാസ സഹായനിധി എന്നീ പ്രവർത്തനങ്ങൾക്ക് ഈ വർഷത്തെ Guiding കുട്ടികൾ നേതൃത്വം നൽകുകയുണ്ടായി.

സ്കൗട്ട് & ഗൈഡ് പ്രസ്ഥാനം വ്യക്തികളുടെ ശാരീരികവും, മാനസികവും, ആദ്ധ്യാത്മീകവുമായ പുരോ ഗതിക്ക് വളരെ ഉന്നതമായ പങ്ക് വഹിക്കുന്നു. ഒരു സ്കൗട്ട് അല്ലെങ്കിൽ ഗൈഡ് മരണാവസാനം വരെ ആ പദവിയിൽ തന്നെ തുടരുന്നു തയ്യാർ എന്ന ആപ്തവാക്യം സമൂഹത്തിന് നന്മകൾ ചെയ്യാൻ ഒരു വ്യക്തിയെ എല്ലായിപ്പോഴും പ്രേരിപ്പിക്കുന്നു.

## വിദ്യാലയത്തിന്റെ ശക്തിയും പരിമിതിയും

ശക്തി**(Strength)**

അർപ്പണമനോഭാവത്തോടു കൂടി പ്രവർത്തിക്കുന്ന വിദ്യാലയ വികസനസമിതി അംഗങ്ങൾ.

കുട്ടികളുടെ പഠന കാര്യങ്ങളിൽ താല്പര്യമുള്ള രക്ഷാകർതൃ സമൂഹം.

ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അദ്ധ്യാപകർ

കുറവുകൾ പരിഹരിക്കുന്നതിനും കുട്ടികളുടെ സർവ്വോതോന്മുഖവുമായ വളർച്ചയ്ക്കായി സർവ്വാത്മന പരിശ്രമിക്കുന്ന മാനേജ്മെന്റ്

പരിമിതികൾ**(Weakness)**

ബസ്സുകൾ കുറവായതിനാൽ കുട്ടികൾ വിദ്യാലയത്തിലേക്ക് വരുന്നതിനും പോകുന്നതിനും പ്രയാസ ങ്ങൾ അനുഭവപ്പെടുന്നു.

സാധ്യതകൾ **(Opportunity)**

വിദ്യാലയ വികസന സമിതിയിൽ വിദ്യാ സമ്പന്നരായ ധാരാളം ആളുകൾ ഉള്ളതിനാൽ കമ്മ്യൂണിക്കേ റ്റീവി ഇംഗ്ലീഷ്, ശാസ്ത്രമേളകൾ എന്നിവയിൽ അവരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും.

അക്കാദമിക പ്രശ്നങ്ങൾ

* മലയാളം മീഡിയം ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണം കുറയുന്നു.

*കലാപരിശീലനത്തിനാവശ്യമായ സ്ഥലപരിമിതി.

*കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള സയൻസ് ലാബിന്റെ പരിമിതി

*വിവിധ പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ടു പോകാനുള്ള സമയ ദൗർല്ലഭ്യം.

*കായിക പരിശീലനത്തിന് മികച്ച ഉപകരണങ്ങളുടെ അപര്യാപ്തത.

അക്കാദമിക പ്രശ്നപരിഹാരം

- മലയാളം മീഡിയം കുട്ടികൾക്ക് പ്രത്യേകമായി ICT പിന്തുണയോടെ Hai English Hello English Smart ness * പദ്ധതികൾ ആവിഷ്കരിക്കുക.

- കലാപരിശീലനത്തിന് പൂർവ്വവിദ്യാർത്ഥികളുടെ സഹായത്തോടെ കലാകായിക പരിശീലനഹാൾ നിർമ്മിക്കുക

- സയൻസ് ലാബ് വിപുലമാക്കുന്നതിന് പിന്തുണാസംവിധാനത്തിന്റെ സഹായത്തോടെ (പൂർവ്വ അദ്ധ്യാപകരുടെ സഹായത്തോടെ പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടെ) സയൻസ് ലാബ് ഉപകരണങ്ങൾ നവീകരിക്കുക.

- കായികപരിശീലനത്തിന് ഉപകരണങ്ങൾ വാങ്ങാൻ സ്പോൺസേഴ്സിനെ പൂർവ്വവിദ്യാർത്ഥികളിൽ നിന്നും കണ്ടെത്തുന്നു.

ഉപസംഹാരം

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ മികവിന്റെ പാതയിലാണ്. ഭാവിയിലേക്ക് വേണ്ട വിദ്യാഭ്യാസം സാദ്ധ്യമാകുന്നത് പൊതു വിദ്യാലയങ്ങളിലാണെന്ന തിരിച്ചറിവിലേക്ക് സമൂഹം ഉണർന്നു കഴിഞ്ഞിരിക്കുന്നു. ഈ ഉണർവ് എല്ലാ വിദ്യാലയങ്ങളിലേക്കും പ്രസരിക്കുന്നതിനായി ദീർഘവീക്ഷണത്തോട് തയ്യാറാക്കിയ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിദ്യാഭ്യാസ വകുപ്പിനും പൊതുജനസമക്ഷവും സമർപ്പിക്കുന്നു.